കനകദാസ

# രാമധാന്യ ചരിതം



Ml
891.481413
K 131 R

വിവർത്തനം

എം. രാമ

INDIAN INSTITUTE
OF
ADVANCED STUDY
LIBRARY SHIMLA



# രാമധാന്യ ചരിതം

# രാമധാന്യ ചരിതം

## കനകദാസ

വിവർത്തനം

**എം. രാമ**

**സാഹിത്യ അക്കാദമി**

വിവർത്തന കേന്ദ്രം, ബെംഗളൂരു

**Ramadhanya Charitam:** Malayalam translation by M. Rama of Medieval Kannada epic, *Ramadhanya Charita* by Kanakadasa, Sahitya Akademi, New Delhi 2016, Rs. 55/-

ML
891.481413
K 131 R

भारतीय उच्च अध्ययन संस्थान
पंजी० सं० 148280
दिनांक 20-02-2017
शिमला

© സാഹിത്യ അക്കാദമി

ആദ്യ പ്രസിദ്ധീകരണം 2016

**സാഹിത്യ അക്കാദമി**

രബീന്ദ്ര ഭവൻ, 35, ഫിറോസ്ഷാ റോഡ്, ന്യൂഡെൽഹി-110 001
'സ്വാതി', മന്ദിർ മാർഗ്, ന്യൂഡെൽഹി-110 001

172, മുംബൈ മറാത്തി ഗ്രന്ഥസംഗ്രഹാലയ മാർഗ്, ദാദർ, മുംബൈ-400 014

4, ഡി.എൽ. ഖാൻ റോഡ്, കൊൽക്കത്ത-700 053

സെൻട്രൽ കോളേജ് കാമ്പസ്, ഡോ. ബി.ആർ. അംബേദ്കർ വീഥി,
ബെംഗളൂരു-560 001

443, ഗുണാ ബിൽഡിംഗ്സ്, അണ്ണാശാലൈ, തേയ്നാംപേട്ട്,
ചെന്നൈ-600 018

സാഹിത്യ അക്കാദമി വിവർത്തന കേന്ദ്രത്തിന്റെ പ്രസിദ്ധീകരണം, ബെംഗളൂരു

Library IIAS, Shimla
Ml 891.481413 K 131 R
148280

ISBN : 978-81-260 - 4956-1

രൂ. 55/-

Visit our website at http://www.sahitya-akademi.gov.in

Laser typesetting by Omega Lasertech, Bengaluru and printed at Keerthi Printers, Bengaluru

# അവതാരിക

കന്നഡ സാഹിത്യത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള കൃതികളിൽ വിഷയ പ്രമേയപരമായ ഒരു വിശിഷ്ട കൃതിയാണ് രാമധാന്യചരിതം. ഇതിന്റെ രചയിതാവ് ദാസസാഹിത്യത്തിലെ മൂന്ന് മഹോന്നത വ്യക്തികളിൽ ഒരാളായ കനകദാസരാണ്.

കന്നഡയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വിവിധ സാഹിത്യപ്രകാരങ്ങളിൽ ഒന്നാണ് ദാസസാഹിത്യം. ദേവദാസന്മാരായ കവികളാണ് ദാസസാഹിത്യത്തിന്റെ ഉടമകൾ. പതിമൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ജീവിച്ചിരുന്ന നരഹരിതീർഥരാണ് ദാസ സാഹിത്യത്തിന് തുടക്കം കുറിച്ചത്. എന്നാൽ ഈ സാഹിത്യം പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ ശ്രീപാദരായർ ദാസസാഹിത്യത്തിന് ഉണർവ് നൽകി. പതിനാറാം നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിൽ ദാസസാഹിത്യം അതിന്റെ ഉച്ചകോടിയിലെത്തി. ഇതിനു കാരണക്കാർ വ്യാസരായരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പുരന്ദരദാസരും കനകദാസരുമാണ്.

വ്യാസരായർ ശ്രീപാദരായരുടെ ശിഷ്യനും തികഞ്ഞ പണ്ഡിതനും ആയിരുന്നു. വിജയനഗര സാമ്രാജ്യത്തിന്റെ വൈഭവകാലത്താണ്, അദ്ദേഹം ജീവിച്ചിരുന്നത്. വ്യാസരായർ മഠത്തിന്റെ അധിപതിയായിരുന്നു. അദ്ദേഹം രാജാവിൽ നിന്നും ബഹുജനങ്ങളിൽ നിന്നും ആദരവു നേടി. കന്നഡയിൽ ഒട്ടനേകം കീർത്തനങ്ങൾ രചിച്ചു. ശിഷ്യന്മാരെ കൊണ്ടും എഴുതിച്ചു. അവയെ ദൈവത്തിന്റെ സന്നിധിയിൽ പാടുക എന്ന സമ്പ്രദായം അദ്ദേഹമാണ് ആരംഭിച്ചത്. പിന്നീടത് 'ദാസക്കൂട്ടം' എന്ന പേരിൽ ഒരു പ്രസ്ഥാനമായി മാറിയ അത് ആ കാലത്ത് വൈദികവൃത്തി സ്വികരിച്ചിരുന്ന സമുദായത്തിൽ വിപ്ലവകരമായ സംഭവമായിത്തീർന്നു. അദ്ദേഹത്തിന്റെ കീർത്തനങ്ങൾ ഭക്തിപ്രധാനങ്ങളായിരുന്നു. അതിൽ ജനകീയ വീക്ഷണവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യം ദാസസാഹിത്യത്തിന് ലഭിച്ച മികച്ച സംഭാവനയായിരുന്നു. ദാസസാഹിത്യത്തെ ഉന്നതിയിലേയ്ക്കു ഉയർത്തിയ ആളാണ് പുരന്ദരദാസർ. അദ്ദേഹം ഒരു ഉത്തമ ഭക്തഗായകനാണ്. ആദ്യ

കാലത്ത് അദ്ദേഹം ദുരാഗ്രഹിയും പിശുക്കനുമായ ഒരു ധനികനായി രുന്നു. പിന്നീട്. ഏതോ ഒരു കാരണത്താൽ തന്റെ സമ്പത്തിനോട് വൈ രാഗ്യം ഉദിച്ചു. എല്ലാം ഉപേക്ഷിച്ച് വിജയ നഗരയിൽ വന്ന് വ്യാസരായ രുടെ ശിഷ്യനായി, വിഷ്ണു ഭക്തനായി, നാടാകെ സഞ്ചരിച്ച് പാടി നടന്നു. ഗദുഗിലെ പുരന്ദരഗടയിലെ വിഠലനെ ആസ്പദമാക്കി പുരന്ദരവിഠല എ ന്ന നാമത്തിൽ വിവിധവിഷയങ്ങളെ ജീവിതഗന്ധിയാക്കി ഒരു ലക്ഷത്തി ലധികം പാട്ടുകൾ പാടി നടന്നു. അദ്ദേഹത്തിന്റെ ഗാനങ്ങൾ കന്നഡസാ ഹിത്യത്തിനുലഭിച്ച മഹത്തായ സംഭാവനയാണ്. ദാസവാങ്മയത്തിന് മ ഹത്തായ സംഭാവന നൽകിയ മൂന്നാമത്തെ ആളാണ് കനകദാസർ. അ ദ്ദേഹം ഭക്തനും ദാസനും മാത്രമായിരുന്നില്ല. ഒരു ഉത്തമ കവിയും ആയി രുന്നു. അദ്ദേഹം കുറുബ (ഇടയൻ) ജാതിയിൽ ജനിച്ചു വളർന്ന ഒരു സേനാപതിയായിരുന്നു. എന്തോകാരണത്താൽ യുദ്ധവേളയിൽ പ്രാപഞ്ചി കവൈരാഗ്യം വന്ന് ഒരു ഭക്തനായി. പിന്നീട് അദ്ദേഹം വ്യാസരായരുടെ പ്രിയശിഷ്യനായി. പുരന്ദരദാസർ രചിച്ച പാട്ടുകളോളമില്ലെങ്കിലും കനകദാ സർ ഒട്ടനേകം കീർത്തനങ്ങൾ കാഗിനെലെയിലെ ആദികേശവന്റെ പേ രിൽ രചിച്ചിട്ടുണ്ട്. കീർത്തനങ്ങളല്ലാതെ ഷട്പദിയിലും സാംഗത്യത്തിലും അനേകം കാവ്യങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹം രചിച്ച മറ്റു കാവ്യങ്ങൾ 120 പദ്യങ്ങളുള്ള ഹരിനാമ സ്മരണയും പ്രാർത്ഥനകളുംഅടങ്ങിയ 'ഹരിഭ ക്തിസാറ' എന്ന കൃതി 'നളചരിത്രെ' 'മോഹനതരംഗിണി' 'രാമധാന്യച തിതെ'. ഇവയിൽ 'രാമധാന്യചരിതെ'യെ യാണ് ഇവിടെ വിവർത്തനത്തി ന് എടുത്തിട്ടുള്ളത്.

'രാമധാന്യചരിതെ' കനകദാസരുടെ കപോല കൽപിത കൃതിയാണ്. ഇത് കനകദാസർ കൃതികളിൽതന്നെ ഒരു ലോകോത്തര കൃതിയാണ്. ആ കൃതിയുടെ വിഷയം ധാരണ, അഭിവ്യക്തി എന്നീ രീതികളിൽ അതി ന്റേതായ നവ്യത പുലർത്തിയിട്ടുണ്ട്. കന്നഡസാഹിത്യത്തിൽ തന്നെ അ ന്യത്ര ഉപലബ്ധമല്ലാത്ത കൃതിയാണിത്. റാഗി പാവപ്പെട്ടവരുടെ, ദരിദ്രരുടെ, ആഹാരമാണ്. നെല്ല് ധനികരുടെ, ഉയർന്ന ജാതിക്കാരുടെ ആഹാരമാണ്. ദൈവം ദരിദ്രരുടെ പ്രശംസകൻ, ഭക്തരുടെ പക്ഷപാതി എന്ന തത്വം സൂചി പ്പിക്കുന്ന മട്ടിൽ റാഗിയേയും നെല്ലിനേയും തമ്മിൽ വാദപ്രതിവാദം നട ത്തിച്ച് അതിൽ റാഗി ജയിച്ചതായും അതുനിമിത്തം ശ്രീരാമൻ തന്റെ പേ ര് റാഗിക്ക് കൊടുത്തതായും പറഞ്ഞിരിക്കുന്നു. അങ്ങനെ 'നറൈലെഗ' എന്ന് പേരുണ്ടായിരുന്ന റാഗിക്ക് 'രാമധാന്യ' എന്ന പേരായി, അങ്ങനെ സ്വകപോല കൽപിത കൃതിയിൽ കവി തന്റെ 'ഭാഗവത' മനോഭാവവും ജ നകീയ ദൃഷ്ടിയും ഇതുപോലെ പ്രകടമാക്കിയിരിക്കുന്നു. ചൂതിൽ കൗര വരോട് തോറ്റ ധർമജർ സഹോദരങ്ങളോടൊപ്പം പോയി കാമ്യകാവന

ത്തിലിരിക്കുമ്പോൾ ശാണ്ടില്യ മുനിവരൻ രാമകഥ ധർമജരോട് പറയുന്ന രീതിയിലാണ് കഥ ആരംഭിക്കുന്നത്. രാമധാന്യചരിതം എന്ന കൃതിയുടെ കഥാസാരാംശം ഇങ്ങനെയാണ്.

ശ്രീരാമൻ രാവണനെ വധിച്ചശേഷം സീതയേയും കുട്ടി വരുന്ന വഴിയിൽ ഗൗതമമുനിയുടെ ആശ്രമത്തിൽ പ്രവേശിക്കുന്നു. അവിടെ മുനിയുടെ ആതിഥ്യം സ്വീകരിക്കുന്നു. ആ ആതിഥേയത്തിൽ വിവിധ ധാന്യങ്ങൾ കൊണ്ടുണ്ടാക്കിയ ഭക്ഷണം വിളമ്പുന്നു. ഭക്ഷണം കഴിക്കുന്ന അവസരത്തിൽ അവയുടെ രുചിയെപറ്റി രാമനും ഗൗതമരും ഹനുമാനും ചർച്ച നടത്തുന്നു. ഈ ചർച്ചയിൽ ഗൗതമർ റാഗിയെ പുകഴ്ത്തുന്നു. ഇത് കേട്ട് ദേഷ്യത്തോടെ നെല്ല് പറയുന്നു. 'അറിവുള്ള നിങ്ങൾ സാമാന്യനായ റാഗിയെ പുകഴ്ത്തുന്നത് എവിടത്തെ ന്യായം' എന്ന് ചോദിച്ച് റാഗിയെ എതിർക്കുന്നു. അവ തമ്മിൽ അവരുടെ ഗുണദോഷങ്ങൾ നന്മതിന്മകൾ, മേന്മകൾ ഇവ പറഞ്ഞുകൊണ്ട് ചർച്ച നടത്തുന്നു. മുനികൾ ഈ വാദപ്രതിവാദത്തിൽ തീർപ്പു കല്പിക്കുന്നതിന് അശക്തരെന്ന് പറയുന്നു. ശ്രീരാമൻ ഇവരെ ആറുമാസത്തേക്ക് കാരാഗൃഹവാസത്തിലിടാനും അവരുടെ വാദപ്രതിവാദ സംബന്ധമായ തീരുമാനം അയോധ്യയിൽ വച്ചു നടത്താമെന്നും പറയുന്നു. റാഗിയേയും നെല്ലിനേയും തടങ്കലിലിടാൻ ഏർപ്പെടുത്തി അയോധ്യയിലേക്ക് പുറപ്പെട്ടു.

ശ്രീരാമൻ സീതയെയും ലക്ഷ്മണനെയും കുട്ടി അയോധ്യയിൽ പോയി. പട്ടാഭിഷേകവും കഴിഞ്ഞു. റാഗിയുടേയും നെല്ലിന്റേയും കാരാഗൃഹവാസ കാലാവധി കഴിഞ്ഞു. പട്ടാഭിഷേകത്തിന്റെ പിറ്റേ ദിവസം സിംഹാസനസ്ഥനായ ശ്രീരാമൻ ഹരിഹര ബ്രഹ്മാദികളെ വരുത്തി. റാഗിയേയും നെല്ലിനേയും ജയിലിൽ നിന്ന് മോചിപ്പിച്ച് ആസ്ഥാനത്തിലേക്ക് കൊണ്ട് വരാൻ പറയുന്നു. ഹനുമാൻ പോയി അവരെ കുട്ടികൊണ്ട് വന്നു. റാഗി പ്രസന്നവദനനായിരുന്നു. നെല്ല് മ്ലാനവദനനായിരുന്നു. ഇവരിൽ സമർത്ഥരാരെന്ന് ശ്രീരാമൻ സഭയിൽ മുനിവരന്മാരോടു ചോദിക്കുന്നു. മുനിവരന്മാരും നാരദരും റാഗി അതിസമർത്ഥനാണെന്നു അഭിപ്രായപ്പെടുന്നു. രാമൻ റാഗിയെ അടുത്ത് വിളിച്ച് 'ഇതാ ഇന്നു മുതൽ എന്റെ പേർ നിനക്ക്. എനിക്ക് രാഘവനെന്ന പേരും 'എന്ന് അനുഗ്രഹിച്ചു. ഇതുകണ്ട് നെല്ല് വിഷമിച്ച് തലകുനിച്ച് നിൽക്കുന്നു. ശ്രീരാമൻ നെല്ലിനെ അടുത്ത് വിളിച്ച് 'നീ വിഷമിക്കേണ്ട. നീ മോശമെന്നും അല്ല. അവൻ ദരിദ്രരുടെ ആഹാരമാണ് നീ അങ്ങനെയല്ല. നീ ധനികരുടെ ആഹാരമാണ്. മേൽജാതിക്കാരുടെ ആഹാരമായ നിനക്ക് അവൻ സമാനനല്ല. നീ ശ്രേഷ്ഠനാണ്' എന്ന് സമാധാനപ്പെടുത്തി. 'നീ തെക്കൻ രാജ്യങ്ങളിലെ ജനങ്ങളുടെ ആഹാരമായി പോകൂ' എന്ന് അനുഗ്രഹിച്ചു. റാഗിയെ വടക്കൻ രാജ്യങ്ങളി

ലെ ജനങ്ങളുടെ ആഹാരമായിരിക്കാൻ അനുഗ്രഹിച്ചയച്ചു. ഇതോടെ സഭ പിരിയുന്നു. വന്നവരെ ആദരവുപൂർവ്വം അയയ്ക്കുന്നു. എന്ന് മുനിവരൻ രാമകഥാ മഹത്വത്തെ ധർമ്മപുത്രർക്ക് പറഞ്ഞു കൊടുത്ത് സസന്തോഷം പിരിഞ്ഞ് പോകുന്നതോടെ കാവ്യം അവസാനിക്കുന്നു.

ഇമ്മാതിരിയുള്ള വിശിഷ്ട കൃതികളെ ഇംഗ്ലീഷ് അടക്കമുള്ള വിവിധ ഭാഷകളിലേക്ക് തർജ്ജുമ ചെയ്യുന്നതിനായി സാഹിത്യ അക്കാദമി മുന്നോട്ട് വന്നിട്ടുണ്ട്. ഈ കൃതിയെ കന്നഡയിൽ നിന്ന് മലയാളത്തിലേക്ക് തർജ്ജുമ ചെയ്യുന്നതിനായി സാഹിത്യ അക്കാദമി റീജിയണൽ ഓഫീസ്, ബംഗളൂരു, ചുമതല ഏറ്റിട്ടുണ്ട്. അതിന്റെ തർജ്ജുമയാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ഈ കൃതി ഷട്പദി ഛന്ദസ്സിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ഈ കൃതിയുടെ ഓരോ പദ്യത്തിലും ആറുപാദങ്ങളുള്ള 158 പദ്യങ്ങളുണ്ട്. തർജ്ജുമയിൽ പാദങ്ങളെ തിട്ടപ്പെടുത്തി കാണിക്കുന്നതിനു മാത്രമേ പ്രാധാന്യം കൽപ്പിച്ചിട്ടുള്ളു.

എം. രാമ
ഗാന്ധിപുരം
20.08.2012 തിരുവനന്തപുരം

# ഡയറക്ടറുടെ മുഖവുര

നമ്മുടെ നാടിന്റെ ബഹുസ്വരതയാർന്ന സംസ്കൃതിയെ അഭിസംബോധന ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രമുഖ സ്ഥാപനമാണ് സാഹിത്യ അക്കാദമി. വിവിധ ഭാഷകളിലെ സംവേദനശീലമുള്ള മനസ്സുകളുമായി സംവാദത്തിലേർപ്പെട്ടുകൊണ്ട്, പരസ്പരം ചർച്ചയ്ക്കും അനുസന്ധാന ത്തിനും അവസരങ്ങൾ ഒരുക്കുന്ന പ്രവർത്തനം അക്കാദമി നിരന്തരമായി ചെയ്തുപോന്നിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ ഇതോടൊപ്പം ചേർന്നുനിൽക്കുന്ന മഹത്തായ ഒരു പ്രക്രിയയാണ് വിവർത്തനം.

ആധുനിക സന്ദർഭങ്ങളിൽ ഭാരതത്തിൽ വിവർത്തനത്തിന് രണ്ടു ധാരകളുണ്ട്. ഒന്ന് അന്യമായതിനെ, അതായത് പാശ്ചാത്യ സാഹിത്യത്തെ ഉൾക്കൊള്ളുന്ന രീതി. ഇപ്പോഴും ഇത് എല്ലാഭാഷകളിലും വ്യാപകമായി നടക്കുന്നുണ്ട്. മറ്റൊന്ന് ഈ നാടിന്റെ ബഹുഭാഷാ സംസ്കൃതിയുടെ നിർമ്മിതികളെ ഉൾകൊള്ളുന്നതിനുള്ള പരിശ്രമം. ഇതു പക്ഷെ വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല. അക്കാദമിയുടെ വിവർത്തന കേന്ദ്രത്തിന് ഇതിൽ സവിശേഷമായ താൽപര്യമുണ്ട്.

ഭാരതത്തിൽ വിവർത്തനം ഒരു തരം പുനരാഖ്യാനത്തിന്റെ രൂപത്തിൽ പണ്ടു മുതൽക്കേ ഉണ്ടായിരുന്നു. ഈ മാതൃകയിൽ ഭാരതത്തിലെ എല്ലാ പ്രാദേശിക ഭാഷകളിലും രാമായണവും മഹാഭാരതവും പുനരാഖ്യാനം ചെയ്ത് തങ്ങളുടെതാക്കുവാനുള്ള പ്രയത്നം നടന്നിട്ടുണ്ട്. ഇപ്പോൾ നാം പ്രദേശിക ഭാഷകളിലെ സ്വതന്ത്രസൃഷ്ടികളുടെ സ്വരൂപത്തെ പരിയപ്പെടണ മെന്നത് അനിവാര്യമായിരിക്കുന്നു. ഇതുവഴി നമ്മുടെ ദേശീയ സംസ്കാര ത്തിന്റെ സർഗ്ഗാത്മക സാദ്ധ്യതകളെ കണ്ടെത്തേണ്ടിയിരിക്കുന്നു. ആഗോളവത്കൃതമായ ആധുനിക ജീവിതം നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരമന്വേഷിക്കുന്നതിനുള്ള മാർഗ്ഗം കൂടിയാണിത്. ഇത്തരം പരിശ്ര മങ്ങളുടെ ഒരു സാദ്ധ്യതയാണ് ഈ കൃതി.

കന്നഡ സംസ്കാര ചരിത്രത്തിൽ കനകദാസന് വിശിഷ്ടമായ ഒരു സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ 'രാമധാന്യ ചരിതം' ചൂഷിത സമൂഹത്തിന് സാമൂഹികമായ അംഗീകരം കൽപ്പിച്ചു നൽകിയ മഹത്തായ കൃതിയാണ്. വിശ്വസാഹിത്യത്തിൽ ഒരു ധാന്യത്തെ നായക കഥാപാത്രമാക്കി രചിക്ക പ്പെട്ട ആദ്യത്തെ കൃതിയാണ് 'രാമധാന്യ ചരിതം'. ഇവിടെ അരിയും

റാഗിയും തമ്മിലുള്ള വഴക്ക് വർഗ്ഗസംഘർഷത്തെയാണ് സൂചിപ്പിക്കുന്നത്. അരി വരേണ്യ സംസ്കൃതിയുടെ പ്രതീകം. റാഗി ചൂഷണത്തിന് ഇരയായ സമൂഹത്തിന്റെ ചിഹ്നം. ഈ രണ്ടു ധാന്യങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ റാഗിയ്ക്ക് ശ്രീരാമനിൽ നിന്നുതന്നെ ആദരവും അംഗീകാരവും നേടിക്കൊടുത്തതിലൂടെ കനകദാസൻ അടിയാള വർഗ്ഗത്തിന്റെ സാമൂഹിക സമ്മതി കാവ്യന്യായത്തിലൂടെ വിഭാവനം ചെയ്യുന്നു. രാമായണത്തിലെ ഒരു സന്ദർഭമെന്ന വണ്ണം ചിത്രീകരിക്കപ്പെട്ട 'രാമധാന്യ ചരിതം' സമാന്തര സംസ്കൃതിയെ പ്രതിപാദിക്കുന്ന ഒരു സംസ്കാരിക പാഠമാകുന്നു.

കന്നഡത്തിലെ ഈ വിശിഷ്ട കൃതി എം. രാമ അത്യന്തം സമർത്ഥകമായി മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് അഭിനന്ദനങ്ങളോടൊപ്പം എന്റെ കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

ഡോ. നരഹള്ളി ബാലസുബ്രഹ്മണ്യ
ഓണററി ഡയ്റക്ടർ
വിവർത്തന കേന്ദ്രം
സാഹിത്യ അക്കാദമി
സതേൺ റീജിയണൽ ഓഫീസ്
ബെംഗളൂരു

# രാമധാന്യചരിതം

ശ്രീരമാപതി സിന്ധു ശയന മു –
രാരി മുനികുല പൂജിതാംഘ്രി സ –
രോരുഹാക്ഷ സുദർശനാങ്കിത ദേവ ഭവദൂരം
മാരപിത കൗസല്യാ ദേവി കു –
മാര രഘുകുല രാമനൃപ വര
ദേവ ചെന്നിഗരായ രക്ഷിക്കു സകല സജ്ജനങ്ങളെ (1)

ഗിരിജയരചനെ ഭജിച്ച് ലക്ഷ്മീ
വരന്റെ പാദാംബുജത്തെ വന്ദിച്ച്
ഗജമുഖനെ വലം വച്ച് ഗീർവാണിയെ നമസ്കരിച്ച്
ഗുരുപാദത്തെ  വന്ദിച്ച് സത്കവി
വരന്മാരെ മനസ്സിൽ ഓർത്ത് വരപുര
ത്തരചനെ പുകഴ്ത്തി പറയുന്നീ മഹാകഥയെ (2)

രാമധാന്യ ചരിതം കൃതിയെ ജന
സ്തോമമെല്ലാമറിയും വിധം
ഭൂലോകത്താശ്ചര്യമാകും വിധം ചൊല്ലുന്നീ കഥയെ
സ്നേഹ പൂർവം ഇതു കേട്ട
നല്ലവർക്ക് കരുണാനിധി രഘു
രാമൻ മനസ്സിന്റെ ഇഷ്ടാർത്ഥം നടത്തിത്തരും സന്തതം (3)

ചൂതിൽ രാജ്യമെല്ലാം കളഞ്ഞ്
ദുര്യോധനന് നൽകി അനുജ
ന്മാർ സഹിതം ധർമ്മജർ കാമ്യക വനത്തിലിരിക്കവേ
മഹാഋഷി ശാണ്ഡില്യമുനി
ദയാപരനായി വന്നവിടെ നിന്ന്
തപോധനരോടൊപ്പം വന്ന് കാണുകയുണ്ടായി (4)

ധരണിപതി യമപുത്രൻ അനുജ
ന്മാരോടൊപ്പം എണീറ്റുനിന്ന് മുനി വരന്റെ
ചരണങ്ങളിൽ വന്ദിച്ച് കൈതൊഴുതു നിന്ന ധർമ്മജനെ
വിളിച്ചു ലാളിച്ച് അടുത്തിരുത്തി
സ്നേഹത്തോടെ ഋഷി പറഞ്ഞു രാജാ
നിന്റെ ദാരിദ്ര്യം ഇങ്ങനെയിരിക്കില്ല പരിഹാരമുണ്ട് കേൾക്കുക (5)

'ദേവ ഋഷി താങ്കളുടെ ദയാപര
ഭാവം ഞങ്ങൾക്കിരിക്കെ ഞങ്ങൾ
ക്കെന്തു കഷ്ടം വരാനാണ് താങ്കളുടെ ദർശനം കൊണ്ട്
ഞങ്ങൾ പാവനരായി ഞങ്ങൾക്ക്
ഇനിയെന്താണ് ബുദ്ധി പറയാനുള്ളത്
പറയു എന്ന് ധർമജർ മന്ദസ്മിതനായി മുനി പറഞ്ഞു (6)

ഭുലോകത്ത് അരചന്മാർ നാൽവർ
മഹാസത്യവ്രതൻമാർ നളനൃപനും
ധീര ശ്രീരാമനും യുധിഷ്ഠിര ഹരിശ്ചന്ദ്രരെന്നിവരും
ലോകം മുഴുവനും പാടുന്നു നിങ്ങളെ
ഇവരിൽ ഉദാരമതി രഘുപതി ഗുണ
ഗ്രാഹി ന്യായം നൽകി 'നരൈദലെഗ' 'വ്രിഹി'യർക്ക് (7)
(നരൈദലെഗ = കുവരക്, വ്രിഹി = നെല്ല്)

ആണോ ? എന്നാൽ പറയു നിങ്ങൾ രാമ
ചരിതം ഞങ്ങൾ സതതം കേൾക്കാം
ശ്രീരാമനെ ധ്യാനിച്ച് ശാണ്ഡില്യമുനി പറഞ്ഞു യുധിഷ്ഠിരനോട്
സസന്തോഷം രഘുവരന്റെ കഥയെ
ധർമ്മ പുത്രർക്ക് മനസിലാകും വിധം
വിവരിച്ചു പറഞ്ഞു സദയം മുനിപനാ മഹാകഥാമൃതം (8)

കേൾക്കു കുന്തീതനയാ ഗംഗാ
നദിയുടെ ഉത്തരഭാഗത്ത് വിശാല
വൈഭവത്തോടെയുണ്ട് അയോദ്ധ്യാപട്ടണം ആ രാജ്യത്തെ
വാഴ്ത്തിക്കൊണ്ടിരിക്കുന്ന ദിനകര
കുല തിലകൻ സുശീലൻ ദശരഥൻ
സുലോചന കൗസല്യാദേവി സഹിതം വസിച്ചിരുന്നു. (9)

ദശരഥന് കൗസല്യയിൽ ജനിച്ചു
രസിക സൽഗുണസമ്പന്നൻ രാമൻ
അസുരതാടകയെ കൊന്ന് മരീചസുബാഹുരാക്ഷസരെ
വധിച്ച് മുനിവരൻമാരുടെ യാഗം
രക്ഷിച്ച് അഹല്യാശാപമോചനം
നൽകി അനുജസമേതം മുനി വരനോടൊപ്പം
മിഥിലാ പട്ടണത്തിലേക്ക് ചെന്നു (10)

ശിവധനുസ്സൊടിച്ച് സീതയെ
സുമുഹൂർത്തത്തിൽ വരിച്ച് അനു –
ജന്മാരും സീതാസമേതം മിഥിലാ പട്ടണത്തിൽ നിന്നു പുറപ്പെട്ടു
അയോദ്ധ്യയ്ക്കു വരവേ വഴിയിൽ കണ്ട
പരശുരാമനെ ജയിച്ച് വൈഭവ
ത്തോടെ രാജ്യം പ്രവേശിച്ചു സുരരധികം സന്തോഷിച്ചു (11)

ധർമ്മജാ കേൾക്കൂ നിങ്ങളെപ്പോലെ
വിപിനാലയ സമ്പത്ത് അനുഭവിക്കുന്നതിനായി
പിതൃവാക്യ പരിപാലനാർത്ഥം ജനപാലകൻ ശ്രീരാമൻ
പ്രിയതമ സീതയെക്കൂട്ടി സത്യ
പാലകൻ ലക്ഷ്മണനോടൊപ്പം നിജാ
ലയംവിട്ട് പുറപ്പെട്ടു ഘോരകാനനം പ്രവേശിച്ചു. (12)

ഭരതനെ സമാധാനപ്പെടുത്തി
കാകാസുരന്റെ പ്രാണൻ രക്ഷിച്ച്
ദാനവ സ്ത്രീയുടെ നാസിക ഛേദിച്ച് മായാമൃഗത്തെ കൊന്ന്
സരസിജാക്ഷിയെ അകന്ന് വഴിയിൽ
കണ്ട ജടായുവിനാൽ ദുഃഖ വർത്തമാന
മറിഞ്ഞു മരിച്ച ജടായുവിനെ അവിടെ സംസ്കരിച്ചു. (13)

ശോകോദ്രിക്തനായി താടിക്കുകൈ –
വച്ചിരുന്ന രാമനെണീറ്റ് ലക്ഷ്മണ
സമേതനായി നടന്നു കിഷ്കിന്ധാദ്രിയിലേക്ക്
അവിടെ രവിസുതനോട് സംഭാഷണം
നടത്തി ബാലിയെ വധിച്ച് വാന
രൻമാരെ കൂട്ടി നടന്നാരങ്ങു തെക്കൻ നാട്ടിലേക്ക് (14)

സേതുബന്ധനം നടത്തി വാനര
സേന നടന്നങ്ങു നീങ്ങി ലങ്കയിലെത്തി
രാവണകുംഭ കർണാദിരാക്ഷസ വീർൻമാർക്ക് അമ്പു
കൊണ്ട് അന്ത്യം നല്കി മറ്റു
ദാനവരെ സംഹരിച്ച് രഘു നൃപൻ
കരുണാവാരിധി വിഭീഷണന് പട്ടാഭിഷേകം നടത്തി (15)

ഭൂമിജയെ വരുത്തി ദേവാസുരർ
പുകഴ്ത്തിയപ്പോൾ വിഭീഷണനെ
വരുത്തി പറഞ്ഞു ' ലങ്കാരാജ്യത്തെ സുഖമായി ഭരിക്കൂ,
വിനയഭരിതനായി വിഭീഷണൻ വന്ന
പ്പോൾ കുതിരരഥ ആനസേനകൾ
വന്നു നിറഞ്ഞു വീര ദാനവസേന അതിവേഗം (16)

സന്തോഷത്തോടെ കുബേരന്റെ
രഥത്തെ വരുത്തി ശ്രീരാമപാദത്തിൽ
സമർപ്പിച്ചപ്പോൾ പുഞ്ചിരിയോടെ ലക്ഷ്മണനെ വരുത്തി
സീതയോടൊത്ത് രഥത്തിൽ
കയറിയാരവർ തരണിസുതൻ
ഹനുമാൻ ജാംബവാദികൾ പിറകേ നടന്നു വന്നാർ (17)

അംഗദൻ, നളൻ, നീലൻ, ശതബലി
മഹാബലിഷ്ഠനായ സുഷേണൻ
പ്ലാവംഗൻ, ഗവയൻ, ഗവാക്ഷൻ മുതലായ വാനരൻമാർ
വന്നു കൂട്ടംകൂടി നിന്നാരാ സമര
വീരൻമാർ സ്നേഹത്തോടെ രഘു
രാമരഥത്തിനോടൊപ്പം നടന്നാർ സമൂഹത്തോടെ (18)

ധരണിപതി, കേൾക്കൂ ലങ്കയിലെ
വീരദാനവ ഭടൻമാർ പൗരൻമാരൊത്ത്
വിഭീഷണനോടു സംഘടിതരായി പുറപ്പെട്ടു
മഹാസൈന്യം വന്നുകൊണ്ടിരിക്കവേ
രണഭേരികൊമ്പു വാദ്യാദികൾ
മുഴങ്ങിയതു കേട്ട് ദിക്പാലകൻമാർ നടുങ്ങി (19)

ഒന്നായി വന്നുഭയസേനയും എത്തി
യവർ സേതുവിനരുകിൽ ശ്രീരാമൻ

സീതയെ സേതു ബന്ധനം ചെയ്തതു കാട്ടി കടൽ കടന്ന്
നടന്ന് രാമേശ്വരത്തു ചെന്നവിടെ
ശിവനെ പൂജിച്ച് ഭക്തിയോടെ
സംഭ്രമം പൂണ്ട് വാൽമീകിയാശ്രമത്തിൽ ചെന്നു ശ്രീരാമൻ (20)

അവിടെക്കൂടിയിരുന്ന മുനീശ്വരൻമാരെ
ല്ലാവരെയും സൽക്കരിച്ചു ജാനകീ
വല്ലഭൻ നടന്നെത്തിനാൻ മുചുകുന്ദാശ്രമത്തിലേക്ക്
കൂടെയുള്ള ശ്രേഷ്ഠസൈന്യസമേതം
സമുദ്രത്തെക്കണ്ട് പഞ്ചനദിയിൽ
സമൃദ്ധം തളിരിട്ടിരിക്കുന്ന ഫലവൃക്ഷങ്ങളെ സംഭ്രമത്തോടെകണ്ടു. (21)

ആ മഹാവനത്തിനുള്ളിൽ സുഭട
സ്തോമം തങ്ങി കുടികൂടാരങ്ങൾ
നിർമ്മിച്ച് സംഗ്രാമത്തിൽ തളർന്നതുപോലെ കുടിയിരുന്നു.
രാമണീയക രചനയിൽ ദേവേന്ദ്രന്റെ
സിംഹാസനം പോലിരിക്കെ രഘു
കുലജാതൻ രാമൻ വന്നിരുന്നത് സകല മുനിവരൻമാരും കണ്ടു (22)

കൗശികൻ, ജമദഗ്നി, ജൻഹുപരാ
ശരൻ ജാബാലി ഭൃഗു ദുർവാസർ
ഗൗതമർ ആദിയായ സമസ്ത മുനിവരൻമാർ
സ്സന്തോഷം അവരവരുടെ ആശ്രമ
മിറങ്ങി വന്ന് ദശരഥപുത്രൻ
ശ്രീരാമനെക്കണ്ട് അക്ഷതം മർപ്പിച്ച് ആശീർവദിച്ചു (23)

രാമദശരഥതനയ രഘുകുല
സോമ സന്യത സനാമ നാഹവ
ഭീമൻ സുജനപ്രേമൻ ജഗദാഭിരാമൻ നിസ്സീമൻ
താമരസദല നയന ദേവാ
പ്രേമസുരകുല മൗനി വന്ദിത നാമ
പ്രേമപൂർവം രാമാ രക്ഷിക്കെന്ന് മുനിമാർ പുകഴ്ത്തി (24)

ദേവി ജാനകിയോടൊത്ത് വനത്തിൽ
കഷ്ടമനുഭവിച്ചു നിങ്ങൾ ഭക്തരെ
രക്ഷിക്കുന്നതോർത്ത് പിന്നെ വാനര സേനാസമേതം
ലങ്കയിൽച്ചെന്ന് രാവണനെ വധിച്ച്

വിഭീഷണന് പട്ടാഭിഷേകം നടത്തി
ഞങ്ങളെ രക്ഷിക്കുന്നതിനായി വന്നു എന്നവർ സൽക്കരിച്ചു (25)

നല്ല ഹൃദയമുള്ളവർ നിങ്ങൾ ഞങ്ങൾ
ക്കെന്തിനു സൽക്കാരം നിങ്ങളുടെ
കരുണാരസം തന്നെ നിങ്ങളെ രക്ഷിക്കും
നിങ്ങളുടെ ദർശനലാഭം ആർക്കു
കിട്ടും ആഭാഗ്യം ഞങ്ങൾക്കുണ്ടായി
എന്ന് നല്ലവാക്കു ചൊല്ലി സൽക്കരിച്ചു മുനിവരൻമാരെ (26)

ഇടതുവശത്ത് കപികുലേന്ദ്രൻ
വലതുവശത്ത് രാവണാനുജൻ
സംഭ്രമത്തോടെ മുനിസമൂഹം മുന്നിലും പിന്നിലുമിരുന്നു വാനരൻമാർ
സീതയും ലക്ഷ്മണദേവനും
തുടരെത്തുടരെ വീശുന്ന ചാമരങ്ങൾ
രാജ്യാധിപൻ ശ്രീരാമൻ സിംഹാസനത്തിലിരിക്കുന്നു: (27)

അവിടെക്കുടിയിരുന്ന മഹാമുനിമാർ
ചേർന്നു വരുത്തി മഹാവസ്തുക്കൾ
വെല്ലം പഞ്ചസാര തേൻ രസായനങ്ങളിൽ ചേർത്തു.
തയാറാക്കിയ സദ്രുചി ഭക്ഷണങ്ങ
ളെല്ലാം ചട്ടിവട്ടികളിൽ നിറച്ച്
ചുമന്നെത്തിച്ചു ശ്രീരാമന്റെ മഹാസഭയിൽ (28)

മുനിശിഷ്യൻമാർ ഭക്ഷ്യസാധനങ്ങളെ
വച്ചത് സന്തോഷത്തോടെ കണ്ട്
മന്ദഹസിച്ച് രഘുകുലസാർവ ഭൗമൻ വരുത്തി
വിളമ്പിച്ച് തന്റെ, സേനാംഗങ്ങൾക്ക്
രുചിയോടുണ്ടു പൂജ്യദ്രവ്യങ്ങളെ
കൊണ്ടാടിനാർ വാനരൻമാർ മുനിജനങ്ങളെ (29)

വായുസുത നീ വാ എന്ന് രഘു
നന്ദനൻ ദയാപരനായി ഇതിന്റെ
രുചിയെ ചൊല്ലെന്നതുകേട്ട് രഘുപതിയോടു ചൊന്നാൻ
ഇനകുലാന്വയ കേൾക്കൂ എനിക്കിഷ്ട
പ്പെട്ടീ ഭക്ഷ്യത്തിന്റെ ധാന്യമേ
തെന്ന് നോക്കണം ദേവാ വരുത്തിത്തരണമേ കൃപയാൽ (30)

എന്ന് ഹനുമാൻ പറയവേ ശ്രീരാൻ
ഗൗതമമുനിയോട് പറഞ്ഞു, നോക്കണമത്
വരുത്തി തരൂ ആ ധാന്യത്തെ എന്നപ്പോൾ മനസ്സിൽ
ചിന്തിച്ച് തൻ ശിഷ്യൻമാരോടു പോയിട്ട്
കൊണ്ടുവരൂ എന്ന് വിനയത്തോടു ചൊല്ലവേ
ധൃതഗതിയിൽ പോയികൊണ്ടു വന്നെത്തിച്ചു സഭയിൽ (31)

റാഗി ഇത് നെല്ല് ഇത് കടല
ചോളമിത് ഞവരമിത് ചൗവ്വരി
ശ്രേഷ്ഠ ഗോതമ്പിത് ഇങ്ങനെ നവധാന്യങ്ങളെന്ന് കാണിച്ചു
ഇവയിൽ റാഗിയെ കാണിച്ചുകൊണ്ട്
അത്യന്ത ശ്രേഷ്ഠനാരെന്ന്
അവിടെയിരുന്ന മഹാമുനി വരൻമാരോടു ശ്രീരാമൻ ചോദിച്ചു (32)

ചിലർ ഗോതമ്പിനെ ചിലർ പച്ചരിയെ
ചോളത്തെ ചിലർ ചിലർ കടലയെ
നെല്ലിനെ ചിലർ വാഴ്ത്തി മറ്റു ചിലർ ഞവരയെ പുകഴ്ത്തി
മറ്റു ചിലർ റാഗിയെ ശ്രേഷ്ഠമെന്നാർ
ഇതുകണ്ട് നൃപതി ഇതിൽ പലത
ഭിപ്രായമെന്തിന് നല്ലതേതെന്ന് പറയൂ എന്നപ്പോൾ ഗൗതമർ (33)

ദശരഥതനയാ കേൾക്കു നമ്മുടെ
ദേശത്തേയ്ക്കത്യുത്തമൻ റാഗി തന്നെ
നല്ല ഉയിരുള്ളവനിവൻ മിക്ക ധാന്യങ്ങളുടെ പേരെന്തിന്
എന്നു പറയവേ നെല്ലതു പറഞ്ഞു മുനി
ഗൗതമർ നിർദ്ദോഷി പക്ഷപാതം
ഇങ്ങനെ ചൊല്ലാമോ നല്ലവർ എന്നു ചോദിച്ചു നെല്ല് (34)

എല്ലാമെല്ലാമറിഞ്ഞ നിങ്ങൾക്കത്
അറിഞ്ഞിട്ടും എല്ലാവരെയുമറിയാതെ
നിങ്ങളത് പറഞ്ഞതുചിതമോ അതങ്ങിരിക്കട്ടെ
നെല്ല് ഞാനിങ്ങിവിടെ ഗോതമ്പു
മുതലായ ധാന്യങ്ങളിരിക്കവേ ഇവിടെ
പുല്ലുവിലയുള്ള റാഗി നല്ലതെന്ന് എവിടത്തെ ന്യായമിത് (35)

എന്തെടോ റാഗി നീ എനിക്കിവിടെ
സമാനനോ ദാനവന്തകനറിയും

നാമിരുവരുടെ ഏറ്റക്കുറച്ചിലുകളെ ജാനകീപതിയുടെ
മുന്നിൽ കുലഹീനനീ പ്രതിഷ്ഠിത
നാകേണ്ട, തീയിലിട് നിന്റെ ഗുണ
മഹിമയെ എന്ന് ദ്വേഷത്തോടെ വഴക്കടിച്ചു നെല്ല് (36)

ലോകത്തിൽ നികൃഷ്ടഭോജനമെന്ന്
ദേവതകളും ബുധൻമാരും നിന്ദിച്ച്
തള്ളിവിട്ടതുകൊണ്ട് നീ ശുദ്രാന്നമായല്ലോ ഇതിന്
നാകവാസികൾ സാക്ഷി ലോകത്തു നിന്നെ
വിവേകികൾ ഇഷ്ടപ്പെടുമോ ഭ്രഷ്ടാ
മതി നടക്കിവിടുന്ന് നീ എവിടുത്തെ മാന്യൻ മതിഹീനൻ (37)

ഭുബുധരുപയനയനത്തിൽ വ്രത
സുഭോജനം പരമമന്ത്രാക്ഷതങ്ങളിൽ
ശുഭമംഗള കാര്യങ്ങളിൽ മൂത്തവരുടെ ആശീർവാദത്തിൽ
യാഗങ്ങൾക്കിടയിൽ രാജഗൃഹ
ത്തിൽ നിത്യം തിളങ്ങിക്കൊണ്ടിരിക്കുന്ന
ദേവൻമാർക്ക് പ്രിയപ്പെട്ട നൈവേദ്യം ഞാനല്ലോ
-എന്നു പറഞ്ഞു നെല്ല് (38)

രാജാക്കൻമാർക്ക് ശിശുക്കൾക്ക് ബന്ധു
ജനങ്ങൾക്ക് ബ്രാഹ്മണരുടെ സമാരാധനയ്ക്ക്
വിദ്യാരംഭകാലത്ത് സകല ഭുസുരരുടെ വീടുകളിൽ
പുണ്യദിനങ്ങളിൽ ഉപാസനാവേളകളിൽ
ഞാനാണ് യോഗ്യനെന്നറിഞ്ഞിരിക്കെ
നിന്നെ അതാര് പരിഗണിക്കും ഭ്രഷ്ടാ നടക്കിവിടെ നിന്ന് (39)

പുതുവീട്ടിലെ പുണ്യാർച്ചനയിൽ വിവാഹ
ച്ചടങ്ങിൽ വധുവരൻമാരെ അനുഗ്ര
ഹിക്കുന്നതിന് രാജാക്കൻമാരുടെ ശസ്ത്രാലയങ്ങളിൽ അർച്ചനയ്ക്ക്
വിപ്രൻമാരുടെ തളികയിൽ തിളങ്ങുന്ന
ചന്ദനാക്ഷതയാകുന്നു ഞാൻ വിചാരി
ച്ചാൽ ലോകത്തിലാരുണ്ട് സമാനരെനിക്കെന്ന് നെല്ല് വാദിച്ചു. (40)

ധരണിയമരർ മന്ത്രതന്ത്രാർച്ചനയിൽ
ഹസ്താംബുജം നൽകി ആശീർവദിച്ച്
നൽകിയ അക്ഷതയെ ശിരസ്സിൽ ധരിച്ച മഹാൻമാർക്ക്

ദുരിതദുഃഖവിനാശം മംഗളം ഭവിക്കും
ഞാൻ സന്തോഷം നൽകും എന്നും
ഐശ്വര്യ സമ്പത്താകുമിതെന്ന് ചൊല്ലിയാനാ നെല്ല് (41)

പരിമളമേകുന്ന ചന്ദനവൃക്ഷത്തിന്
സമാനമോ ഉണങ്ങിയ വിറക് പശു നൽകുന്ന
പാലിന് സമാനമാണോ ചമരിയുടെ പാൽ
പരമസാഹസി വീരഹനുമാനെ
മരമുകളിലെ കപിയെ താരതമ്യ
പ്പെടുത്തുന്നത് ശരിയാണോ നീങ്ങിവിടെ നിന്ന് (42)

സുരനദിക്ക് കാട്ടിലൊഴുകുന്ന അരുവി
സമാനമാണോ ഗരുഡന്റെ കുഞ്ഞിന്
കഴുകൻ സമാനമോ ഹംസത്തിനു ബകപ്പക്ഷിയോടു സാമ്യമോ
സരസധ്വനി നൽകുന്ന കുയിലിനെ
കാക്കയോടു സാമ്യപ്പെടുത്തിയതു പോലായി
നരെദലഗ നിനക്കെന്തു മാന്യത നടക്കിവിടെ നിന്ന് (43)

വാക്കിതുകേട്ട് കുപിതനായി കണ്ണുകളിൽ
തീക്കനൽ ചൊരിഞ്ഞ് ദ്വേഷത്തോടെ
മേഘഗർജ്ജനം പോലെ സഭയിൽ വ്രിഹിക്ക് മറുപടി പറഞ്ഞാൻ
പറയാൻ മടിക്കാതെ ലജ്ജാഹീനാ നിനക്ക്
മറുപടി നൽകുന്നതിന് ഞാനെ
ന്ത്ര അൽപനോ നിന്നിലെന്തിനു സംസാരമെന്നു ചൊല്ലി റാഗി (44)

സത്യമറിയാത്തവൻ പാവങ്ങളെ
കണ്ണെടുത്തു കാണാത്തവൻ ധനാഢ്യരുടെ
പിന്നിലോടുന്നവൻ നിന്റെ നന്മയെ എന്തു പറയാൻ
പ്രസവിച്ചു കിടക്കുന്നവർക്ക് രോഗി
കൾക്ക് പഥ്യമാണു നീ പിണത്തിന്റെ
വായിലാഹാരമാണു നീ നിരർത്ഥകമാണ് നിൻ ജൻമം (45)

മരിച്ചന്നു മുതൽ മനുഷ്യർ പല
കർമ്മങ്ങൾ നടത്തി പിണ്ഡം വച്ച്
ക്രമം തെറ്റാതെ കാക്കകളെ വിളിച്ചു വിളിച്ച്
ചോറു വയ്ക്കും എള്ളിനും ദർഭയ്ക്കും
സമാനൻ നീ എന്ന പേരും കേട്ട്
നടന്ന ദുരാത്മാ, നിന്നോടെന്തിനു സംഭാഷണം (46)

മഴ ഇല്ലാത്ത വിള നശിച്ച ക്ഷാമം
വിളയാടുമ്പോൾ അന്നമില്ലാതെ
മരിക്കുന്ന ജീവികൾക്ക് ആഹാരം കൊടുത്ത് രക്ഷിക്കുന്നു ഞാൻ
ലോകമിതറിയുന്നു നീ എവിടെ നിന്റെ
കൂട്ടരെവിടെ പറയു വ്രിഹിഗ അല്ലാതെ
പലവിധ സാമാന്യധാന്യങ്ങൾ എനിക്കു സമാനമാണോ പറയൂ (47)

ധനികൻമാർ പാവങ്ങളെന്നു ഭേദം
നിനക്കുണ്ട് ഞങ്ങളിലില്ല എന്നതു ശരി
ഈ രീതി പക്ഷപാതം ഞങ്ങളിലില്ല നീ ഇറങ്ങിവിടെ നിന്ന്
ധനികർ പാവപ്പെട്ടവരെന്ന ഭാവം വിട്ട്
എല്ലാവരെയും രക്ഷിക്കുന്ന ഞാൻ
നിന്നെപ്പോലെ നിർദ്ദയനല്ല കപടിയെ കടന്നുപോ നീ (48)

ഞാനാണോ ലോകത്തിനു നിർദ്ദയൻ
നിന്റെ സ്വധർമ്മമെന്താണ് മധുപാനം
ചെയ്തവനായാലോ നീ ദുരാത്മാ നിന്നെ സേവിച്ച
ദാനവരും മാനവരും കിരാതാദികളും
വികാരമതികളായി അലഞ്ഞു നടന്നു.
ഇങ്ങനെയുള്ള നിന്റെ ഗുണമെന്താണെന്ന് ചോദിച്ചു നെല്ല് (49)

അതിശയങ്ങളെ പറയാം സ്വന്തം
പൊങ്ങച്ചം പറയുന്നത് നിർത്ത്
സജ്ജനങ്ങളുടെ മുൻപിൽ പറഞ്ഞാലവർ
നാണിച്ചു തല കുനിക്കും
സഭാസദർ കേൾക്കുവിൻ ദുർമതി
ഇവനോടീ വാക്ക് ഞങ്ങളതു പറഞ്ഞാൽ
കഴമ്പില്ല ശിവ ശിവ എന്നൊച്ചയിൽ റാഗി ചൊല്ലിനാൻ (50)

മരിച്ചവരുടെ പ്രതിബിംബരൂപ
മാണു നീ പിതൃനാമം നിനക്കിട്ട്
മുവരുടെ പേരിൽ വിളിച്ച് ദർഭകൊണ്ടു നെറ്റിയിൽ
തൊട്ടുതൊട്ട് ഒടുവിൽ അന്നത്തെ
നൽകും പശുക്കൾക്ക് ഈ മഹത്വം
പറയുന്നതിന് നീ ജനിച്ചുവല്ലോ, ചുട്ടുകള നിന്റെ ജന്മം (51)

പെരിയോരുള്ള മഹാസദസ്സിലെല്ലാവരും
മിണ്ടാതെ മൗനദീക്ഷിതരായി എല്ലാം
മൗനം ഭേദിച്ച് അവനെപ്പറ്റി ച്ചൊല്ലാൻ സാധ്യമോ അസാധ്യമോ
നിങ്ങൾക്ക് ഈ നപുംസകനോടു ഭിന്നാഭി
പ്രായമെന്തിന് വാദമെന്തിനെന്ന് ബുദ്ധി
പറയാൻ നിങ്ങൾക്കു സാധിക്കുമോ എന്ന് റാഗി ചോദിച്ചു (52)

മൽസരം മുത്തിരുവിഭാഗത്തിലും
പിശുനൻമാരും നിഷ്ഠുരരും വാദ
ത്തിൽലേർപ്പെട്ടത് നൃപതികണ്ട് മനസ്സിൽ ചിരിച്ചു
പിശുനൻമാരിവരിരുവരുടെ തർക്കം
തീർക്കാനുള്ളവഴിയെന്തെന്ന് ചിന്തിച്ച
രാജാവ് മുനിമാരെ നോക്കി ഗൗതമനോടു പറഞ്ഞു. മന്ദസ്മിതനായി (53)

നമ്മൾ രാജാക്കൻമാരും ഭൂമീശ്വരൻമാരും
കൂടിയിരിക്കുന്ന ദാനവരും വാനവരും ·
നമുക്കീ തർക്കം പരിഹരിക്കാൻ സാധിക്കുകയില്ല
ഹരിഹരബ്രഹ്മാദികളെ വരുത്തുന്നു
അയോദ്ധ്യയിലേക്ക് ഇവരുടെ ഗുണമെന്തന്ന്
പറയുമവരെന്ന് ശ്രീരാമൻ പറഞ്ഞു മന്ദസ്മിതനായി (54)

ഇവിടെയുള്ള ധാന്യങ്ങളിൽ ഇവരിരുവർ
ഇരിയ്ക്കട്ടെ കാരാഗൃഹത്തിലാറു മാസം
ചെറുപ്പം വലുപ്പം എന്നിവരുടെ പൗരുഷമറിയാമപ്പോൾ
അയോദ്ധ്യയിൽ പോയി വരുത്തുന്നു
നിങ്ങളെ അവിടേക്ക് ഞാൻ, ഇപ്പോഴിവിടെ
ഇരിക്കുക എന്ന അയോദ്ധ്യയിലേക്ക് യാത്ര പുറപ്പെട്ടാൻ (55)

ഞങ്ങളെ കാരാഗൃഹത്തിലിട്ടു താങ്കൾ
ഐശ്വര്യ മത്തുകൊണ്ട് ഞങ്ങളെ മറന്നു
കളഞ്ഞാൽ ഞങ്ങളെ രക്ഷിക്കുന്നതാര് താങ്കളുടെ ദയവില്ലാതെ
ഭൂലോകത്ത് അപകീർത്തി, നാരിയുടെ
സാരിത്തുമ്പിൽ മറഞ്ഞിരിക്കുന്നത് നന്നെന്ന്
കൂപ്പുകൈയോടെ തലതാഴ്ത്തി പറഞ്ഞാനാ നരൈദലഗ (56)

സമയത്തു നിങ്ങളെ വരുത്തുമെന്ന്
അവരോടു വിട പറഞ്ഞവരെ യോഗീ

भारतीय उच्च अध्ययन संस्थान
पंजी० सं० ....14828O....
दिनांक...............

ശ്വരൻമാരുടെ വശം കൊടുത്ത് ഗൗതമ മുനിയെ ആദരിച്ച്
വന്നിരുന്ന മുനിമാരെ സ്നേഹപൂർവ്വം
സൽക്കരിച്ച് ആശ്രമത്തിലേക്കു പോകാൻ
പറഞ്ഞ് യാഗരക്ഷകനെല്ലാവർക്കും അനുവാദം കൊടുത്തു (57)

മഹായോഗം പിരിഞ്ഞപ്പോൾ ആകാശത്തിൽ
ദേവൻമാർ ജയഘോഷം പാടി ഭൂസുരർ
വിടപറഞ്ഞു അവരവരുടെ മന്ദിരങ്ങളിൽ ചെന്നു
സന്തോഷം കുറഞ്ഞു താമരയ്ക്ക് മുഖം
വിടർന്നു കുവളത്തിന്, നക്ഷത്രങ്ങൾ നിറഞ്ഞു
ആകാശത്ത് പശ്ചിമാംബുധിയിലേക്കിറങ്ങി ഇനൻ (58)

യോഗം പിരിഞ്ഞു വിളക്കുകൾ തെളിഞ്ഞു.
തിളങ്ങുന്ന നവരത്നങ്ങളാലലങ്കരിച്ച
അമ്പും വില്ലും കൈയിലേന്തിയ സുഭടൻമാർ മുൻപന്തിയിലെത്തി
കരമുയർത്തി പാഠകർ ബിരുദങ്ങൾ
കൊണ്ടാടി കൊമ്പുവാദ്യങ്ങൾ മുഴങ്ങി
സംഭ്രമത്തോടു നൃപതി അരമന കയറി മംഗളമുഹൂർത്തത്തിൽ (59)

ദിനമണി പടിഞ്ഞാറൻ കടലിലറങ്ങി
ദിനപോരാട്ടത്തിന്റെ യന്തിയിൽ ഇരുട്ട്
കവിഞ്ഞു ലോകം മുഴുവനും നിദ്രാംഗനയുടെ കേളിയിൽ മുഴുകി
ഇരുട്ടു കണ്ണടച്ചിരിക്കെ മനസ്സ് മൗന
മായിരിക്കവേ ദിനമണി മുഖം കാട്ടു
ന്നതിനായി കിഴക്കു ദിശയിലേക്കു നടന്നു വന്നു. (60)

നൃപതി ഉണർന്നെണീറ്റു സുര്യനു
അർഘ്യമർപ്പിച്ച് ഭൂസുരൻമാരെ മന്ത്രാ
ക്ഷതകൊണ്ട് സൽക്കരിച്ച് നിജാനുജ സമേതനായി
നിരന്നു നിന്ന പാഠകരോടൊത്ത് മുനി
വരൻമാർ സമേതം നിജമന്ദിരം
പുറപ്പെട്ട് ആസ്ഥാനത്തേക്ക് നടന്നു വന്നു. (61)

വരുത്തി രാവണാനുജനെ പിന്നെ
തരണി സുതനെ നളനീലജാംബവ
ശതബലി ശരഭാദിയാ വാനര സമൂഹത്തെ
സന്തോഷത്തോടെ എല്ലാവരെയും സൽ

ക്കരിച്ചപ്പോൾ വില്ലമ്പുകൾ കൈയി
ലേന്തിയ സുഭടൻമാർ വന്നു നിരന്നു നിന്നാരവിടെ (62)

വിവിധ വാദ്യം ഭേരി ഡമരുകം ചേങ്ങില
താളം തമ്മടം ശംഖുമൃദംഗം ചെണ്ട
മുതലായ സകലതാള തമ്പടം നിറഞ്ഞ സുഷിരധ്വനി
കൊട്ടുന്ന നാനാതാളവാദ്യം ധ്വനി
മുഴങ്ങവേ ജയഘോഷത്തോടു രഘു
നൃപൻ സീതാസമേതനായി ധനപനുടെ ദിവ്യരഥം കയറി (63)

കുടെക്കയറി യുർമ്മിളാ പതി എത്തി
ചാമരം വീശുന്നവർ സുഗ്രീവാജ്ഞ
പുറപ്പെട്ടുടനെ സകല സൈന്യവും നടന്നു വരികയായി
കഠിനമനസ്ക്കാരായ രാക്ഷസൻമാർ കയറി
തങ്ങളുടെ ആന രഥം, കുതിര സമൂഹങ്ങളിൽ
കടൽത്തിരമാല ധ്വനി മുഴങ്ങുന്നതുപോലെ മുഴങ്ങി നൃപസൈന്യം (64)

കടന്നു വന്നു പഞ്ചനംദിയെ അവർ
അരികിലൊഴുകുന്ന പഞ്ചനദികളെ
പുഴ കടന്നെത്തിയപ്പോൾ കണ്ടവർ നടന്നുകിഷ്കിന്ധാദ്രിയിലേക്ക്
ലലന സീതാദേവി രവിജനുടെ
ലലനാമണികളെ വരുത്തി തന്നോടൊപ്പം
സ്നേഹത്തോടെ വരണമെന്നു പറഞ്ഞപ്പോൾ സസന്തോഷം വന്നു (65)

ക്രമംതെറ്റാതെ എല്ലാ നായകൻമാരും
തങ്ങളുടെ സൈന്യസമേതം വരുമ്പോൾ
മുൻപന്തിയിൽ മുനിമാരുടെ ദർശനം നടത്തി ആശീർവാദം കൊണ്ടു
മുന്നോട്ടു കടന്നു വരുമ്പോൾ ജനങ്ങളുടെ
പാപം കളഞ്ഞു രക്ഷിക്കുന്ന തുംഗഭദ്രയെ
കടന്നു വന്നവർ മുനിവര ഭാരദ്വജരുടെ ആശ്രമത്തിലേക്ക് (66)

വനത്തിനകത്ത് കയറി ആ പാളയം
തങ്ങിയവിടെ മൂന്നു യോജനയകലെ
തിങ്ങി നിന്ന കപി സൈന്യത്തിൻ നടുവിൽ നൃപ
ഭവനം മഞ്ഞ ചുമപ്പ് നീലം വർണത്താ
ലുള്ള പട്ടുകൊണ്ട് നിർമ്മിച്ച കുടാരങ്ങളിൽ
തിളങ്ങുന്ന രക്തമണികളാൽ കലശങ്ങൾ രഞ്ജിക്കുന്നു. (67)

അരമനയുടെ വലതുവശത്ത് നിജ
ശരണനുടെ യരമന വാമഭാഗത്തിൽ
തരണി സുത സുഗ്രീവനംഗദജാംബ വാദികളുടെ
ഭവനങ്ങൾ രചിക്കപ്പെട്ടു മുകളിൽ,
മാളിക മുകളിൽ കവാടാദികളുടെ
വൈഭവത്തോടു ശ്രീരാമന്റെ സൈന്യം കാനനത്തിൽ (68)

അങ്ങകലെ ദാനവരുടെ സൈന്യം
തങ്ങിയതു കാണുന്നു ചുറ്റുന്ന
ആനസേന രഥക്കുതിര കാലാൾപ്പട നിറഞ്ഞു നിന്നിരിക്കെ
മുഴങ്ങുന്ന ശബ്ദകോലാഹലത്തെ
കേട്ടതെന്താണെന്ന് സുരമുനി നിജ-
മന്ദിരം വിട്ടവിടെ വന്നെത്തി ശ്രീരാമാതിശയങ്ങളെ കേട്ടു (69)

ഉരഗമാലി മതംഗ ഗാർഗ്യംഗീ
രസഗാലവ കണ്വജയമുനി
പരശുരാമ പരാശര കൗശിക ദാൽബ്യ മുതലായ
മുനിവരൻമാരോടൊപ്പം കുടി വന്നു
വേഗം ഭാരദ്വാജ മുനിവരൻ രഘുരാമനെ
കണ്ടു മുനി സമൂഹം വൈഭവത്തോടെ ആശീർവദിച്ചു. (70)

വന്ന മുനിവരൻമാരെ വന്ദിച്ച്
നിന്ന് കൈതൊഴുത് വിനയത്തോടെ
ചോദിച്ചു നിങ്ങളുടെ അഗ്നിഹോത്ര യാഗാദി
സത്കർമ്മങ്ങൾ ജപതപാദികൾ സുരക്ഷിത
മായി നടക്കുന്നുണ്ടോ ദാനവരുടെ ഭയത്താൽ
ദുർഘടമൊന്നുമില്ലല്ലോ എന്നു കുശലം പറഞ്ഞു രഘുവരൻ (71)

ദശരഥാത്മജാ നീ ലങ്കയിലസുര
വീരരെയും കുംഭകർണാദി രാക്ഷസരെയും
ദശശിര മുതലായ ദുർജ്ജനങ്ങളെല്ലാവരെയുംവധിച്ച്
അസുരന്റെ അനുജനു ശ്രേഷ്ഠ പദവി
നൽകി പാലിച്ചു വന്നുവല്ലോ ഞങ്ങളെ
രക്ഷിക്കുന്നതിനു കരുണാമയനായി വന്നുവെന്ന്
ഉപചാരം ചൊല്ലി മുനിമാർ (72)

കമ്മലസംഭവൻ നൽകിയ വരം കൊണ്ട്
കുമതികളായ ദാനവർ അതുലബലവാൻമാ
രായി ലോകം കണ്ടകരായവർ നശിച്ചു നിന്റെ അമ്പുകൊണ്ട്
തമസ്സിന്റെ കഴുത്തൊടിച്ച് ഉദിച്ചു വരുന്ന
ദ്യുമണി പോലെ നിങ്ങൾ ജനിച്ചിരിക്കവേ
ദനുജാധമരുടെ ഭയം ഞങ്ങൾക്കെന്തിനെന്ന് ചൊല്ലി മുനിനാഥൻ (73)

രാജാവു മുനിവചനം കേട്ട് കരുണാ
രസധാരയാൽ അന്തകരണം നനഞ്ഞു
മുനിവരൻമാരെ ഉപചാരവാക്കു ചൊല്ലി പീഠത്തിലിരുത്തി
ആഞ്ജനേയനെ വിളിച്ച് വൈകാതെ
പോയി ഭരതനെ സമാധാനിപ്പിക്കെന്ന്
സ്നേഹത്തോടെ ചൊല്ലിയപ്പോൾ രാമപാദം വന്ദിച്ച് പുറപ്പെട്ടു (74)

പ്രവഹിക്കുന്ന ഗംഗാനദി കടന്ന്
കണ്ടവിടെ ശൃംഗബേരി പട്ടണത്തെ
പ്രവേശിച്ച് ഗുഹനെക്കണ്ട് സന്തോഷമറിയിച്ചു
ഹനുമാൻ ചൊല്ലിനാൽ രഘുനൃപാലൻ
പറഞ്ഞയച്ച വിഷയത്തെ വിവരിച്ചു
നിഷദാധിപതി കേട്ടതിശയ സന്തുഷ്ടനായി (75)

അനിലസുത വാ മകനേ രഘു നന്ദനനു
നിന്നെ പ്പോലൊരു ആപ്തനാരുണ്ട്
ദനുജമനുജഭുജംഗാദികളിൽ നിനക്കു സമാനരായവർ
ഹനുമാൻനന്ദി ഗ്രാമത്തിൽ ഭരതൻ
അഗ്രജൻ അഗന്ന ഖേദത്താൽ ദുഃഖ
മനസ്കനെ സമാധാനപ്പെടുത്ത്, പോ നീ അതിവേഗം (76)

സന്തുഷ്ട മനസ്കനായി ജനമൊഴിഞ്ഞ
സ്ഥലം വരെ വന്നനിലജനെ യാത്ര
യാക്കി ഗുഹൻ മടങ്ങി മാരുതിയപ്പോൾ മുൻപഥം നടന്നു
വരവരെ വഴിയിൽക്കണ്ട കാനനം
ഗിരിശിഖരങ്ങളെ കടന്ന് മുന്നോട്ട്

വിസ്തൃത നന്ദീഗ്രാമം കണ്ട് സന്തുഷ്ട മനസ്കനായി (77)
വന്നു ഭരതന്റെ മുന്നിൽ കൈ കൂപ്പി നിന്നു
ഭരതൻ ചോദിച്ചു നീയാർ ഇവിടെന്തിനു വന്നു

വന്ന കാരണമെന്ത് നിന്റെ പേരെന്തെന്നു ചോദിച്ചപ്പോൾ
കൈതൊഴുതു നിന്ന് മന്ദസ്മിതനായി
ഹനുമാൻ പറഞ്ഞു ഞാൻ ഹനുമാൻ
രഘുനന്ദനന്റെ സേവകൻ ഇവിടേയ്ക്കെന്നെ അയച്ചു (78)

രാവണനെ വധിച്ച് ലങ്കയുടെ അധിപനായി
വിഭീഷണനു പട്ടാഭിഷേകം നടത്തി
സീതാലക്ഷ്മണ സമേതം ഭാരദ്വാജാശ്രമത്തിലേക്ക്
ദേവൻ വന്നു സർവ വിധവൈഭവത്തോടെ
ഇതു അറിയിക്കുന്നതിനായി ദേവനയച്ച
താണെന്നെ എന്നു പവനജൻ ചൊല്ലവേ സൽകരിച്ചു ഭരതേന്ദ്രൻ (79)

സന്തോഷം നിറഞ്ഞ മനസ്സിലനുജനെ
വിളിച്ച് ശത്രുഘ്നനയോദ്ധ്യാപുരത്തേക്ക്
അയച്ചു ജനനിമാർക്കീ വാർത്തയെല്ലാം അറിയിച്ച് വാ
എന്നപ്പോൾ അഗ്രജന്റെ തിരുചരണാഭി
മുഖനായി വന്ദിച്ച് പുറപ്പെട്ടു
സന്തോഷത്തോടതിവേഗം നടന്ന് അയോദ്ധ്യയിലെത്തി (80)

വാദ്യഘോഷം മുഴങ്ങി തമ്മട ഭേരി
ശംഖു നിനാദം പരന്നു വന്നു
ചേർന്നെല്ലാവരും ശത്രുഘ്നനു പിന്നിലെത്തി നിരയിൽ നിന്നു
ആരതിയുടെ തിളക്കം സമൂഹം വീഥി
വീഥികളിൽ വന്നു നിന്നു താലപ്പൊലി
വിളക്കുകളുടെ നിരയിലവൻ രാജമന്ദിരം പ്രവേശിച്ചു. (81)

ജനനിമാർ മൂവരെയും വന്ദിച്ച്
തനുജനെ തലോടിയവർ മകനെ,
പറഞ്ഞു ഇനകുലാന്വയൻ വന്നു ഭാരദ്വജാശ്രമത്തിൽ
എന്നതുകേട്ട ഹർഷാനന്ദരസ പ്രവാ
ഹത്തിൽ കളിച്ചാടിയ ജനനിമാരുടെ
മുഖ കമലം വിടർന്നു, അവനീശ കേൾക്കു കഥയെ (82)

മന്ത്രി സുമന്ത്രനെ വരുത്തി ശത്രുഘ്നനോടു
ചൊല്ലി തരണികുല തിലകൻ
രാജേന്ദ്രൻ, നമ്മുടെ ജ്യേഷ്ഠന്റെ വരവു കേട്ട്
നഗരം അലങ്കരിക്കു ഗജരഥ

തുരഗാദികൾ വന്ന് നിരന്ന് നിൽക്കട്ടെ
സുമംഗലികളൊന്നായി വരട്ടെ നൃപനെ എതിരേൽക്കുവാൻ (83)

എന്നു മന്ത്രിയോടു പറഞ്ഞ താൻ
സ്വമന്ദിരത്തിൽ വന്ന് യാത്ര പുറപ്പെട്ടു
ജനനി കൗസല്യാദേവി മുതലായ ഇന്ദുമുഖികൾ
പല്ലക്കുകയറി പോകുമായിരുന്നു മരു
മക്കൾ തേർ കയറിതിങ്ങിയിരുന്നു.
സുന്ദരി സ്ത്രീകളോടു കൂടി യാത്രയായവരൊരുമിച്ച് (84)

പുരജനങ്ങളെ സമാധാനപ്പെടുത്തി ഭൂ
സുരവർഗത്തിൽ നിന്ന് മന്ത്രാക്ഷതം സ്വീ
കരിച്ച് ശ്രീരാമ പാദത്തെ മനസ്സിൽ സ്മരിച്ചു വരുത്തി
പുതു വസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും
കൊടുത്ത് രാജാക്കൻമാർക്ക് ഹർഷത്തോടെ
ശത്രുഘ്നൻ കയറിയിരുന്നു ദിവ്യമണി രഥത്തിൽ (85)

വിവിധവാദ്യധ്വനിമുഴക്കത്തിന്റെ
ആഘോഷത്തോടു നൃപസമൂഹം
ചതുരംഗസൈന്യം കടന്നു വരുമ്പോളുണ്ടായ പാദധൂളി
ഭൂമിയിലും ആകാശത്തും പടർന്ന് സേനാബലം
ഭാരത്താൽ ഭൂമി താണതുപോലെ യുണ്ടായ
അനുഭവത്താൽ സഹോദര ദർശനത്തിന്റെ യാത്രവേളയിൽ (86)

മുത്തുക്കുട പിടിച്ച് വരിയായി നടന്ന്
വെൺചാമരങ്ങൾ വീശിക്കടന്നു രത്നാ
ഭരണങ്ങളാൽ അലങ്കരിച്ച പതാകയുമുയർത്തി രഥങ്ങൾ
പിന്നാലെ ആനകുതിര കാൽ നടസൈന്യം
സമൂഹം നടന്ന് നീങ്ങി സംഭ്രമത്താൽ
നടന്ന സൈന്യബലഭാരത്താൽ കൂർമ്മം തലതാഴ്ത്തി (87)

പട്ടണം വിട്ടവർ മുന്നോട്ട് യമുനാ
നദി കടന്ന് യാത്ര വരുമ്പോൾ വൈഭവം
നിറഞ്ഞ നന്ദീഗ്രാമത്തെ കണ്ടവിടെ നടന്നാരെല്ലാവരും
ഭരതനോടൊപ്പം ചേർന്ന് ഹനുമാനെ
വാൽസല്യത്തോടെ സൽക്കരിച്ചു മുന്നോട്ട്
നടന്നു കൗസല്യാസുത രാമനെക്കാണുന്ന സംഭ്രമത്താൽ (88)

പാണ്ഡുപുത്രാഗ്രജനേ കേൾക്കുക നന്ദീ
ഗ്രാമം കടന്നടുകത്തെതിയേ സൈന്യത്തെ
സത്വഗുണനിധി രാമചന്ദ്രൻ കണ്ട് സന്തോഷം പൂണ്ട് ജാനകിയോട്
അതാ നോക്കു ദേവി ഭരതനും ശത്രു·
ഹര ശത്രുഘ്നനും സമസ്ത സൈന്യ
സമേതരായി ഇങ്ങോട്ടു വരുന്നത് നീ നോക്കു സീതേ (89)

എന്നു കാട്ടിക്കൊടുത്തു മനസ്സിൽ സന്തോഷ ജലധി
യിൽ കുളിച്ച് ലക്ഷമണൻ സീതയെ കൂട്ടി
വന്നു രഥം കയരി രാമനൃപാലകൻ ആ ക്ഷണത്തിൽ
പിന്നെ വനത്തിനുള്ളിൽ നടന്ന സംഭ്രമ
ത്തെ യെന്തു പറയാൻ പാഠകരുടെ സമൂഹം
കൂടി മുനിവരൻമാരോടൊപ്പം നടന്നു അയോദ്ധ്യാധിപതി (90)

തിടുക്കത്തോടെ ദശദിക്കുകളിലെ സൈന്യ
മെല്ലാം വന്നു നിരന്നു വാനരാധിപൻ
സുഗ്രീവനുടെ രഥത്തിനരുകിൽ ആവേശത്തോടു കൂടി നിന്നു
ഒട്ടും വൈകാതെ ദാനവ സായുധം
സേന നിരന്നു നിന്നപ്പോൾ ദാനവ രാജാവ്
വിഭീഷണൻ പുറപ്പെട്ടു വനാലയത്തിൽ നിന്ന് എതിരേൽക്കുന്നതിന് (91)

മണിമയരഥത്തിൽ രഘുവരവീരരിവർ
വരുന്നത് അകലെ നിന്നു കണ്ടപ്പോൾ
രഥത്തിൽ നിന്നിറങ്ങി ഭരതശത്രഘ്നർ നടന്നു ത്വരിതഗതിയിൽ
ധരണി തന്റെ പാദതലത്തിൽ സാഷ്ടാംഗ
പ്രണാമമർപ്പിച്ചാരവരെല്ലാവരും
തൊഴു കൈയുമായി സന്തോഷസാഗരത്തിൽ മുഴുകിയവർ (92)

രഥമിറങ്ങി നൃപതി സീതാദേവി ലക്ഷ്മണ
സമേതം കൗസല്യാസുമിത്രദേവി കൈകേ
യുടെ ചരണകമലത്തിലേക്ക് വന്ദിച്ചീടിനാരവർ, പോയ
ജീവൻ തിരിച്ചു കിട്ടിയതുപോലെ പുത്രൻ
മാരുടെ സൗന്ദര്യം നോക്കി ജനനിമാരുടെ
കണ്ണുകളിൽ ജലം നിറഞ്ഞു കെട്ടിപ്പിടിച്ചാർ പുത്രൻമാരെ (93)

സദ് ഗുണികളായ ഭരതശത്രുഘ്നൻമാർ
വന്ദിച്ചു രഘുപതിയെ ലക്ഷ്മണൻ

വന്ദിച്ചു ഭരതനെയവൻ സമാധാനപ്പെടുത്തിയനുജനെ
സമചിത്തരായി സുഗ്രീവജാംബവരുടെ
പരിമിതസൈന്യത്തെ ജനനിമാരുടെ
ചരണ കമലത്തിലേക്ക് കാട്ടിയുർമ്മിളാരമണൻ (94)

ഗുണനിധിവര വിഭീഷണൻ വന്നിട്ട്
ഭരതശത്രുഘ്നരെ നമിച്ചിട്ട് കൈ
നിറയെ പുഷ്പാർച്ചന നടത്തി സവിനയം ചൊല്ലിനാൻ
നമ്മുടെ രാജാവിന്റെ അനുജർ നിങ്ങൾ
നിങ്ങളുടെ ദർശനം കിട്ടി ഞാൻ ധന്യനായി
ലോകത്തിൽ എനിക്കെന്തു വേണമെന്ന് മനമലിഞ്ഞു പുകഴ്ത്തി (95)

ജനകപുത്രി സന്തോഷത്തോടെ സുഗ്രീവ
സതിയരോടൊപ്പമിറങ്ങി അമ്മാവന്റെ വനിത
കൾക്കഭിവാദ്യം ചെയ്ത മരുമകളെ കൈയിലെടുത്ത് സൽക്കരിച്ചു
വനവാസവേളയിൽ വളരെ യധികം കഷ്ട
മനുഭവിച്ചില്ലയോ മകളേ വാ മകളേ
എന്ന് കണ്ണീർ തുടച്ച് ലാളിച്ച് തലോടിനാർ മഹാസതി സീതയെ (96)

മണിഭൂഷിത വസ്ത്രങ്ങൾ വരുത്തി
ധരണി സുതയ്ക്കുടുപ്പിച്ചു, ഭരതൻ
സുഗ്രീവജാംബവ വിഭീഷണരെ സൽക്കരിച്ചു
അയോദ്ധ്യയ്ക്കു യാത്ര തിരിച്ചു വിവിധ വാദ്യ
ഘോഷവിളംബരത്തോടെ പുറപ്പെട്ട സേന
മഹാംബുധി ചലിക്കുന്നതുപോലെ ചലിച്ചു മഹാഘോഷത്തോടെ (97)

തുരഗഖുരപുടത്താലുണ്ടായ ധൂളീജാലം
ആകാശത്തു നിറയെ രവിക്കു പഥം കാണാതായി
ധൂളീ വ്യാപനം ദശദിക്കുകളിലെത്തി സപ്തസാഗരം കടന്നു.
കൂർമ്മന് ശ്വാസംമുട്ടി സൈന്യബല ഭാര
ത്താൽ വാസുകിയടിതെറ്റി വാദ്യസമൂഹം
മുഴക്കിക്കൊണ്ട് ഭൂമിയാകാശാദിത്രയലോകം നടുങ്ങി (98)

ധർമ്മജാ കേൾക്കൂ ശ്രീരാമനവിടുന്ന് അയോദ്ധ്യാ
പട്ടണത്തിലേക്കു വന്നു ധരണിപൻ തൻസതി
സീതയെയും കൂട്ടി ലക്ഷ്മണ ഭരത ശത്രുഘ്നരെയും കുട്ടി
രാജവൈഭവത്തോടെ പുറപ്പെട്ടപ്പോൾ

ദേവതകൾ ജയഘോഷം മുഴക്കി
വന്നു നിജമന്ദിരത്തിന്റെ ദ്വാരത്തിൽ മുനി വരരോടൊപ്പം നിന്നു (99)

അനിമിഷരപ്പോൾ ആകാശത്തിൽ നിരന്നു
ഹനുമാൻ തൻ കൈകൾ നീട്ടിക്കാട്ടി
വരു വരു സാവധാനമെന്ന് ജാഗ്രതാവാക്കുകൾ ചൊല്ലുമ്പോൾ
രഘുനന്ദനൻ രഥത്തിൽ നിന്ന്
ഇറങ്ങി രാജഭവനം പ്രവേശിച്ചപ്പോൾ
പുരജനങ്ങൾ തമ്മിലുള്ള സാധനങ്ങൾ കാണിയ്ക്ക വച്ചു വന്ദിച്ചു (100)

ഗുരുവസിഷ്ഠരുപദേശം കൈക്കൊണ്ട്
അനുജൻ മാരോടൊത്ത് സ്നാനം ചെയ്ത
രാജൻ, ദിവ്യ സുഗന്ധമാല്യാംബര സുഭൂഷിതരായി
നാൽവർ കുമാരൻമാർ സന്തോഷത്തോടെ
ജനനിമാർ മൂവർക്ക് പ്രണാമം ചെയ്തു
അതിശയ രാജതേജസ്സിൽ മുഴുകിത്തിളങ്ങിനാരവർ (101)

രാജസഭയിൽ വന്ന് രാമനൃപാലൻ
അനുജരൊടൊത്തു മന്ത്രിജാലം ബന്ധുക്കൾ
സമേതം ലോകത്തിലെ സകലരാജാക്കൻമാരെത്തി
സഭയിൽ മുനിശ്രേഷ്ഠൻമാരെല്ലാവരും
സന്തോഷത്തോടിരിക്കെ മന്ത്രിസുമന്ത്രർ
ഗുരുവന്ദനം ചെയ്ത മുൻകാര്യം ചിന്തിച്ചു (102)

ശ്രീരാമനു രാജ്യപട്ടാഭിഷേകം നടത്താമോ
എന്ന് ഗുരുവര്യനോടു ചോദിച്ചു സുമന്ത്രൻ
അനുവാദം കൊടുത്ത് ഭൂസുരൻമാരെ വരുത്താൻ പറഞ്ഞു
വരുത്തി വസ്തുക്കളെ താംബൂലം വരുത്തി
ക്കൊടുത്തു ഇരുവർക്കും സുമന്ത്രൻ പിന്നെ
പട്ടണത്തെ അലങ്കരിക്കുന്നതിനു പരിചാരകൻമാരെ ഏൽപിച്ചു (103)

രാജവീഥികളെ നവരത്നങ്ങൾകൊണ്ട്
അലങ്കരിച്ചു, അലങ്കരിച്ച മണ്ഡപത്തിൽ
നവരത്നങ്ങളുടെ തോരണം നിർമ്മിച്ച് സുഗന്ധ കുങ്കുമത്തിന്റെ
പുതുപനിനീർ തളിച്ച് കസ്തൂരി
മുതലായ സുഗന്ധദ്രവ്യം കൊണ്ടു വിവിധ
രചനാ രൂപത്തിൽ പട്ടണം മുഴുവൻ അലങ്കരിച്ചു (104)

ഓല പത്രമെഴുതിച്ചയച്ചു ദിക്കുകളിൽ
രാജാക്കൻമാർ വരുവാൻ, മുനിമുഖ്യൻമാർ
വന്നു, അവനിപാലകൻമാർ വന്നു വൻസൈന്യ സമേതം
തരുണികൾ ശൃംഗരിച്ചു വിധ വിധ
ദിവ്യാലംകൃത വസ്ത്രാഭരണ ഭൂഷിത
രായി കര കമലങ്ങളിൽ കലശക്കണ്ണാടി പിടിച്ചു നിന്നു (105)

സന്തോഷം നിറഞ്ഞവരവരുടെ കൈകളിൽ
ശ്രേഷ്ഠ സുഗന്ധ വസ്തുക്കൾ കൊണ്ടു വന്നു വച്ചു
പരമ സന്തോഷത്തോടെ വന്നു നിറഞ്ഞു അപരിമിത സംഖ്യയിൽ
ശരധി മുതൽ മേരു ദിഗന്തം വരെയുള്ള
അവനീ പാലകൻമാർ യാചകർ പണ്ഡിതർ
കവീശ്വരൻമാർ ഗായകർ, മല്ലൻമാർ ദൈവജ്ഞർ നർത്തകിമാർ (106)

വന്നു അതിവേഗത്തിൽ വരതൃണ ബിന്ദു
മുനിദമനാഖ്യൻ സനക സനംദശൗനക
സൂതശതമുഖി സുമതി ജാബാലീ സംദദാൽഭ്യ
മരീചി ലോകാനന്ദ സുരഗുരു രോമ
ജൻ മുചുകുന്ദ നാരദ മുതലായഖില
തപസ്വികൾ വന്നു നിറഞ്ഞു അതിവേഗം സുവേളയിൽ (107)

അത്രി ഭാരദ്വാജ വിശ്വാമിത്ര
ഗൗതമ വാമദേവൻ അഗസ്ത്യർ
കണ്വാംഗീരസ മാർക്കണ്ഡേയ മുനിമൈത്രേയർ
സത്യതപ കൗണ്ഡിന്യ കൗശിക
പുത്രൻ ശുക വാൽമീകി മുതലായ
മഹാമുനി വരർ വന്നെത്തി രഘുനന്ദനന്റെ സഭയിൽ (108)

ച്യവന ജഹ്നു മൃകണ്ടു മുനി ഗാലവ
ശതാനന്ദയിക നാരദ ശ്രവതി
കശ്യപ കപില ശൗനക സനക ജമദഗ്നി ഭവന
ഭക്ഷണ ഗാർഗ്യ ഋഷി ഭാർഗവ
സനത്സുത സനന്ദ ജയമുനികളുടെ
സമൂഹത്തോടൊപ്പം വന്നു ആ ദുർവാസർ സ്നേഹപൂർവ്വം (109)

ചോളഗുജ്ജറ ദ്രവിഡവംഗ കരാള
ബോട്ടക സിന്ധു ശിബി നേപ്പാള

ഭുസുരരെ ഗായകരെ മല്ലന്മാരെ
കവികളെ, നൽകി അവർക്ക്  ധനകനകാംബര വസ്തുക്കൾ
രാജാക്കന്മാർക്ക് കരി തുരഗം
രഥം ഹേമാംബരം നൽകി
ആദരിച്ചു വസിഷ്ഠർ അനുഗ്രഹിച്ചയച്ചു (121)

ആ സുമുഹൂർത്തത്തിൽ ഗുരു
വസിഷ്ഠരെ വന്ദിച്ച് രഘുവര
നൃപാലകൻ വന്ന് രാജമന്ദിരം പ്രവേശിച്ചു
ഭൂപാലകനുടെ സത്കീർത്തി
വധു ശ്രദ്ധാപൂർവ്വം ധവളയാട
ധരിച്ച് മൂലോകരുടെ ജിഹ്വയിൽ നൃത്തമാടി (122)

ധർമ്മജാ കേൾക്കു, ശ്രീരാമൻ
പിറ്റേന്നാൾ തൻ രാജസഭയിലേക്ക്
രാജാക്കന്മാരെയും മന്ത്രിബന്ധുമിത്രാദികളേയും വരുത്തി
തരണീ സുതൻ ജാംബവവിഭീഷണാ
ദികൾ വന്ന് കൈകൂപ്പി തൽസ്ഥാനത്ത്
ഇരിക്കവെ  സുസ്മേരവദനനായി ശ്രീരാമൻ പറഞ്ഞു (123)

കേൾക്കു ലക്ഷ്മണാ, കേൾക്കു ജാംബവാ
കേൾക്കു നളനീലാദി ഭടന്മാർ
കേൾക്കു നരെദലഗ വ്രിഹിയരുടെ കാരാഗൃഹ വാസം
കഴിഞ്ഞ് ഇന്നേക്ക് മാസം
ഏഴായി അനിലസുതാ നീ
പോയവരെ കുട്ടി ക്കൊണ്ടുവരിക സഭാംഗണത്തേക്ക് (124)

ഉത്തരവ് എന്നു പറഞ്ഞാ ഹനുമാൻ
ശ്രീരാമപാദം വന്ദിച്ച് പുറപ്പെട്ടു
അതിവേഗം സഞ്ചരിച്ചു കാരാഗൃഹപഥത്തിലേക്ക്
വജ്രദേഹി ഹനുമാനുടെ സാഹസയാത്ര
വർണ്ണിക്കാൻ വാക്കുകളില്ല അവൻ
ധൃതഗതിയിൽ പംപനന്ദിയിലെത്തി മുനിവരരെ കണ്ടു (125)

മുനിവരംന്റ ചരണത്തിൽ വന്ദിച്ച്
പവനസുതൻ പറഞ്ഞു എന്നെ
രഘുനൃപാലകനയച്ചതാണിവിടെ നിങ്ങളെ കാണുവാൻ

കാലാവധി കഴിഞ്ഞു കാരാഗൃഹ
വാസികളിരുവരെയും കൂട്ടിക്കൊണ്ട്
അവനിപനരുകിൽ താങ്കൾ പോകണമെന്ന് കൈ തൊഴുതു ചൊല്ലി (126)

ഹനുമാൻ പറഞ്ഞതുകേട്ട് ഗൗതമ
മുനിവരൻ പുഞ്ചിരിയോടെ എണീറ്റ്
വനത്തിലെ തപസ്വികളെല്ലാവരെയും വരുത്തി അതിവേഗം
ഹർഷിത മനസ്സോടെ മുനിവരൻ കാരാ
ഗൃഹ പ്രതിവാദികളെ കൂട്ടിയുടൻ
അനുപമ ഗുണനിധി മുനിവരൻ ആശ്രമം വിട്ടിറങ്ങി (127)

മുനിവര ഗൗതമർ സന്തോഷത്തോടെ
മുനിമാരോടൊപ്പം വരുമ്പോൾ
രഘുകുലനന്ദനൻ വന്ന് ആദരവോടെ രാജമന്ദിരത്തിലേക്ക് ആനയിച്ചു
വന്നുവോ പ്രതിവാദികളെ കൂട്ടിക്കൊണ്ടു
വന്നുവോ നിങ്ങളെന്ന് മുനികുല
വൃന്ദം സൽക്കരിച്ച് പീഠത്തിലിരുത്തി ഗൗതമ മഹാമുനിയെ (128)

ഇവരുടെ വ്യവഹാരത്തെ തീർക്കുന്ന
വിഷയത്തെ മനസ്സിൽ കണ്ട രവി
കുലാന്വയ രാമൻ ചിന്തിച്ചു ഹൃദയശുദ്ധിയോടെ
ശിവനെ ധ്യാനിച്ചുടനെ വന്നു
ത്രൈഭുവന നായകർ ദേവേന്ദ്രാദി
ദേവൻമാർ വന്നു അയോദ്ധ്യാധിപതി രാമന്റെ ആസ്ഥാനത്തേക്ക് (129)

വസുക്കൾ അമരർ ഭുജംഗാദികൾ സുരർ
കിന്നരർ യക്ഷരാക്ഷസവീരൻമാർ
ശശി രവികളാദിത്യർ വിദ്യാധരൻമാർ ഗുഹ്യകൻമാർ
ഭൂസുരൻമാർ ക്ഷത്രിയർ, ജ്യോൽസ്യൻ
മാർ വൈശ്യർ ശൂദ്രർ ഉന്നതർ
വിദ്യാസമ്പന്നർ മുതലായവരെത്തി നൃപസഭയിൽ (130)

ഇങ്ങനെ തിങ്ങി നിറഞ്ഞ സഭയിൽ ബുദ്ധി
മാൻ ചൊല്ലിനാൻ ധാന്യവർഗത്തെ
സദസ്സിൽ വരുത്താൻ പറഞ്ഞപ്പോൾ കാരാഗൃഹത്തിലായവർ
മുന്നോട്ടു വന്ന് താഴ്മയോടെ തൊഴുത്
ധരണിപതി രഘുവര താങ്കൾ
ഞങ്ങൾക്കെന്തു വിധി ചൊല്ലാൻ പോകുന്നെന്ന് റാഗി പറഞ്ഞു (131)

അപ്പോൾ ശ്രീരഘുരാമൻ മുനിവരൻമാരെ
നോക്കി തപശ്രേഷ്ഠരോടു ചൊല്ലി
മനസ്സിനെ വഞ്ചിക്കാൻ പാടില്ല ധർമ്മത്തെ അറിഞ്ഞ്
സൻമനസ്സാൽ പറയു എന്നപ്പോൾ മുനി
വരൻമാർ ദേവൻമാരെ നോക്കിയവിടുത്തെ
മഹാസഭയിലിരുന്ന് ഭാർഗവരാമൻ ഇങ്ങനെ പറഞ്ഞു (132)

പറയു ആരെങ്കിലും നിങ്ങൾ മൂത്തവർ
ഈ ഇരുവരിൽ മെച്ചമാര് സത്ഗുണി
ആര് ഇവരിൽ പറയു എന്നപ്പോൾ ജംഭാരി പുഞ്ചിരിയോടെ
സഹൃദയനാണ് നരൈദലഗൻ
സഹൃദയ ശുന്യനീ വ്രിഹി എന്നു പറയവേ
ഗുണനിധി മാരുതിആംഗ്യത്തോടെ നാരദരെ നോക്കി (133)

സുരവരൻ പറഞ്ഞതു ശരിയാണ്
നരൈദലഗനാണ് സമർത്ഥനവനെ
കാരാഗൃഹത്തിലിട്ടപ്പോൾ ക്ഷമകെടാതിരുന്നു
സഹജമിത് പരപക്ഷമാണെങ്കിലോ
വിഷമിച്ച് ക്ഷീണിതനായി വ്രിഹി
കാരാഗൃഹത്തിൽ ചിന്താകുലനായെന്ന് നാരദർ പറഞ്ഞു (134)

എല്ലാ നവധാന്യങ്ങളിലും ഇവനാണ്
ശ്രേഷ്ഠൻ കള്ളം പറച്ചിലില്ല പാവങ്ങളെയും
ധനികൻമാരെയും കണ്ടു രക്ഷിക്കുന്ന ഇവന് സമാനരാരുണ്ട്
നെല്ലിനെന്തു ഗുണമുണ്ട് ഭാഗ്യമുള്ള
ധനികൻമാരെ സ്വീകരിക്കുന്നിവനിൽ.
കഴമ്പു കാണുന്നില്ല ഞാനെന്ന് മുനി വരൻ ചൊല്ലി സദയം (135)

മുനിവരൻമാരിങ്ങനെ ചൊല്ലിയപ്പോൾ
ഭുസുരൻമാർ സന്തോഷം പ്രകടിപ്പിച്ചു
സഭാങ്കണത്തിൽ 'നരൈദലഗ നീ വാ' എന്ന് ശ്രീരാമൻ വിളിച്ചു
അടുത്തുവിളിച്ചിട്ട് തന്റെ പേരിട്ടവന്
ലോകമറിയെ 'രാഘവ' എന്നും പേരു ചൊല്ലി
വ്രിഹി നാണിച്ചു തലകുനിച്ചു മഹാസദസ്സിൻ മുന്നിൽ (136)

സന്തോഷം പുണ്ട് മനസ്സുനിറഞ്ഞ്
നരൈദലഗൻ വന്നു ശ്രീരാമന്റെ

പാദങ്ങൾ വന്ദിച്ചപ്പോൾ സഭ ജയഘോഷം പാടി
റാണി ശുഭം ചൊല്ലി ഭൂസുരൻമാർ
മന്ത്രാക്ഷതം നൽകി അനുഗ്രഹിച്ചു
മുനിവരൻമാർ റാഗിയെ പുകഴ്ത്തി സൽക്കരിച്ചു (137)

റാഗിയെ ബ്രഹ്മാവ് ഇഷ്ടപ്പെട്ട് കൈയിലെ
കമണ്ഡലു അവനു സമ്മാനിച്ചു മഹാദേവൻ
ത്രിശൂലത്തെക്കൊടുത്തു കാലൻ കൈയിലെ ദണ്ഡും കൊടുത്തും
നാരദൻ ചക്രം കൊടുത്തു വസിക്കുന്നതിനു
ശ്രേഷ്ഠസ്ഥലം ദേവേന്ദ്രൻ നൽകി ഉരഗ
പതി വാസുകിമാർ ചേർന്ന് വള്ളിച്ചങ്ങലകൾ നൽകി (138)

ധനപതി നൽകി യന്ത്രരക്ഷ പിന്നെ
വനാന്തരങ്ങളിലെ ഔഷധസസ്യങ്ങൾ
വിഭൂതി മന്ത്രാദികൾ കാലഭൈരവൻ നൽകി സൽക്കരിച്ചു
സൂര്യചന്ദ്രൻമാർ സൽക്കരിച്ചു കൊടുത്തു
ശ്രേഷ്ഠ ജാലകം വരുണൻ കൊടുത്തു
കനകമണി നിർമ്മിത ച്ചിലമ്പ് മനം നിറയെ സന്തോഷത്തോടെ (139)

വരുത്തി ശർവാണി തന്നുടെ പിശാചി
സമൂഹത്തെ പറഞ്ഞു നിങ്ങളെല്ലാം
ഭൂമിയിൽ സതീരൂപം പൂണ്ട് ഗണികവേഷത്തിൽ വീടുകളിൽ
സധൈര്യം പോയി സർവഭൂതാത്മാക്കൾക്ക്
പക്വാന്നംവിളമ്പിക്കൊടുക്കൂ നിത്യവും
എന്നു പ്രേമത്തോടെ അയച്ചു കൊടുത്തു കരുണാമയി (140)

ഇങ്ങനെ ദേവാസുരൻമാർ നീതിമാർഗ
ത്തോടെ വിളിച്ചുവരുത്തി വരം നൽകി
ആദരിച്ചു സ്നേഹപൂർവ്വം വൈഭവത്തോടെ ആശീർവദിച്ചു
ഭൂമിയിൽ ജനങ്ങൾക്കിടയിൽ
നീ പ്രമുഖനാകുമെന്നു പറഞ്ഞപ്പോൾ
നരദെലഗനെന്നു പ്രഖ്യാതനായി, നരനാഥനിതു കേൾക്കു (141)

ഇനകുലേന്ദ്രന്റെ പാദം വന്ദിച്ച്
ഹനുമാൻ സവിസ്മയം പറഞ്ഞു താങ്കൾ
അവനു നാമാങ്കിതം ചെയ്തു ഇനിയവൻ താങ്കളെ
വിട്ടു പോകുകയില്ല പിന്നെ എന്റെ സ്ഥിതി

എന്തെന്നപ്പോൾ ശ്രീരാമൻ ചൊല്ലി എന്റെ
ഇഷ്ടക്കാരൻ നീയാണെന്നഭിദാനം നിനക്കുണ്ട് കേൾക്കിത് (142)

സേവകനെ പിന്നിലിരുത്തി ദേവൻ നിങ്ങൾ
മുമ്പോട്ടു പോകുകയാണെങ്കിൽ അതെന്തു
ഗുണമെന്നു ഹനുമാൻ ചോദിച്ചതിനു നൃപൻ പുഞ്ചിരിയോടെ
ജൻമനാ ഞങ്ങൾ മുൻനിരക്കാർ യുദ്ധ
പംക്തിയിലും ഞങ്ങൾ മുന്നിലാൺ വാ
എന്നറിയിച്ചു ഹനുമാനെ ശ്രീരാമൻ ചൊല്ലി ധർമ്മജാ കേൾക്കു (143)

ഭാനു വംശജനാം വിഭീഷണന്റെ
ആനനം നോക്കിയപ്പോൾ പുഞ്ചിരിയോടെ
താൻ നരേന്ദ്രന്റെ അനുമതി നിഷ്ഠനാണ് മറു വാക്കില്ല
ദാനവേശ്വരനാ വർത്തമാനം സതിക്കു കൊടുത്ത
പ്പോൾ ഇരുവർക്കും സന്തോഷമായി
നവധാന്യങ്ങളിൽ ഇരുവരും ശ്രേഷ്ഠരെന്നായി രാജേന്ദ്രൻ (144)

ഹരിഹര ബ്രഹ്മാദി ദേവൻമാരും
സുരരും മഹാമുനീശ്വരൻമാരും
നരൻമാരും പുകഴ്ത്തി രഘുകുലസാർവഭൗമനെ
സുരൻമാർ ദുന്ദുഭി മുഴക്കി മല്ലിക -
യലർമഴ പെയ്തു വിമാനത്തിൽ
പട്ടണത്തിലേക്ക് പുറപ്പെട്ടു പിരിഞ്ഞു നൃപതിയുടെ ആസ്ഥാനം (145)

ഇങ്ങനെ സഭയിൽ അപമാനിത -
നായെന്ന് ചിന്തിച്ചു വിഷമ -
ത്തോടെ തലതാഴ്ത്തി ഇരുന്നു നെല്ല് കണ്ണുനീരിൽ
അങ്ങനെ പരിതപിച്ച് ലക്ഷ്മീ
കാന്ത ശിവ ശിവ എന്നു ചൊല്ലിക്കൊ
ണ്ടിരിക്കെ ശ്രീരാമനവനെ വിളിച്ചു പറഞ്ഞു (146)

വ്രിഹി നീ വാ ഇങ്ങ് വിഷമമെന്തിനു
ഈ സമ്മേളനത്തിൽ നരെദലെഗനെ
പുകഴ്ത്തിയെന്ന് മനം നൊന്തുവോ ദ്വേഷം വന്നുവോ ഭ്രാന്തേ
നാട്ടിലുണ്ടായ ദാരിദ്ര്യകാലത്ത് ദയാപര-
നായിട്ടു വന്ന് ലോകത്തെ രക്ഷിക്കുന്നത്
കാരണമവനെ യംഗീകരിച്ചു വെന്നല്ലാതെ നിന്നെ മോശമാക്കിയില്ല (147)

ദീനദരിദ്രജനങ്ങളോടു നീ ദയാ
ഹീനനെന്നു പറഞ്ഞു വെന്നല്ലാതെ
നിന്നെ മോശക്കാരനെന്നു കണ്ടില്ല സഭയിൽ ഞങ്ങൾ പറഞ്ഞില്ല
മനുഷ്യത്വത്തോടെ വന്ന നിങ്ങളീർവരുടെ
മുന്നിൽ ഹീനഭാവമെന്തിനു മനസ്സിൽ
നീ സുരധേനുവായി വന്ന് ഞങ്ങളുടെ മുന്നിൽ വിടു ചിന്ത (148)

ദേവൻമാർക്ക് പരമാന്നമായി നീ മനു -
ജർക്ക് പക്വാന്നം നൽകുന്നവനും
നിങ്ങളീരുവർ ഈ ഭൂമിയിൽ സൗഹൃദത്തോടെയിരിക്കണം
ഇതാ നാം നൽകുന്നു വരം നിങ്ങളി-
രുവരും കാലാകാലങ്ങളായി നിങ്ങൾ
തന്നെ പാവനർ പരമസുഖികളെന്നു സൽക്കരിച്ചു നൃപതി (149)

മുഖത്തു ഹർഷം കാണാതെ വ്രിഹിയെ
കൺതുടച്ച് കൈയിൽ റാഗി സ്നേഹത്തോടെ
ചിന്തവേണ്ട മനസ്സിൽ ഇന്ദ്രന്റെ ആസ്ഥാനത്തിൽ വിടും നിന്നെ
വീരനായി സത്യം വിടാതെ നീതിനിഷ്ഠനായി
ചോളദേശത്തെ സംരക്ഷിച്ച് ദയാപരനായി
ജനങ്ങളെ രക്ഷിക്കെന്ന് ആജ്ഞാപിച്ചയച്ചു വ്രിഹിയെ (150)

പാണ്ഡവാഗ്രജ കേൾക്കൂ, മാർത്താണ്ഡ
വംശജനയോദ്ധ്യാപതി രാമചന്ദ്രൻ
നരെദലെഗന്റെ അഭിപ്രായപ്രകാരം വരുത്തി നാട്ടിലുള്ള ധാന്യങ്ങളെല്ലാം
വീരൻമാർ നിങ്ങളെല്ലാം ലോകത്താകെ
നിറഞ്ഞ് ദൈവാനുഗ്രഹത്താൽ ജനങ്ങൾക്ക്
ആഹാരമാകണമെന്ന് ആശീർവാദം നൽകി നാട്ടിലേക്കയച്ചു (151)

തപസ്വികളെ വന്ദിച്ച് ദേശാധിപൻമാരെ
ബഹുമാനിച്ച് ഭൂസുരൻമാരെ ഉപചാരം
നൽകി വിദ്വാംസർ, കവിജനം, ശ്രേഷ്ഠ ഗായകരെല്ലാവരെയും
അപരിമിത യാചകരെ പറഞ്ഞയച്ചു
തപനതനയസതികൾക്ക് രഘുനൃപാലൻ
കൊടുപ്പിച്ചഖില ദിവ്യാംബരങ്ങൾ ദിവ്യാഭരണ സമേതം (152)
പാണ്ഡവാഗ്രജ കേൾക്കൂ, ഘനകോദണ്ഡ
ദീക്ഷാചാര്യ നീ ഭൂമണ്ഡലത്തിലതി -
കീർത്തിമാൻ സത്യധർമ്മത്തിലത്യധികൻ
പ്രചണ്ഡവിക്രമൻ രാമനൃപാലകൻ ·

മാർത്താണ്ഡസുതൻ മുതലായ വാനര
വീരൻമാരെ പല ബഹുമതിയോടെ സൽക്കരിച്ചയച്ചു. (153)

കരുണാമയൻ വിഭീഷണനെ ആദര-
വോടെ ആന, അശ്വം, രഥം വസ്ത്രം
നൽകി സന്തോഷത്തോടെ അയച്ചു സകലാസുരൻമാരെയും
ഗുരു വസിഷ്ഠരുടെ അനുഗ്രഹത്തോടെ
അനുജൻമാരോടൊത്ത് സാമ്രാജ്യം ഭരിച്ച
വരപുരപതി ആദികേശവരാമൻ സകലവൈഭവത്തോടെ (154)

വ്യോമകേശവിരഞ്ചി വാസവ
താമരദലനയനൻമാരിവർ
മഹാമഹിമരീ വ്രിഹി നരെദലഗരുടെ വിവാദം
ശ്രീരാമസഭയിൽ തീർന്നു സു-
ത്രാമന്റെ രാജസഭയിൽ നടന്ന
രാമ ധാന്യകഥയെ ഞാൻ നിനക്കോതി (155)

ഞാനിതു കേട്ടു മുനിവരൻ താങ്കൾ
ചൊല്ലിയ കഥ സുജ്ഞാന സമൂഹം ചെവി
നിറയെ കേട്ടു സന്തോഷം മനസ്സിൽ നിറഞ്ഞു നിന്നു
മറ്റെന്തു പറയുക മനോവ്യസനം
മാഞ്ഞുപോയി മനസ്സിൽ സന്തോഷം
നിറഞ്ഞെന്നു ചൊല്ലി മഹാമുനിപദത്തിൽ കൈ തൊഴുതു (156)

രാജാവേ നീ സന്തോഷത്തോടെ
കേൾക്കാത്ത കഥയൊന്നുമില്ല ലോകത്ത്
മഹാപുണ്യത്തിന്റെ ശ്രീരാമകഥ നീയിന്നു കേട്ടു
കുറവെന്തിലുണ്ട് നിനക്കു ലോകത്ത്
ഹരി നൽകും നിന്നിഷ്ടാർത്ഥങ്ങൾ
എന്നാശീർവദിച്ച് മുനിവരൻ പുറപ്പെട്ടു ആശ്രമത്തിലേക്ക് (157)

ശരധിശയനമുകുന്ദ സചരാ-
ചരഭരിത നിർഗുണനിരാമയാ
സുരനരോരഗാദി വന്ദിത വരപുര കേശവനേ
ചരണാങ്കിതമായി പറഞ്ഞു
മഹാധാന്യ ചരിതം അനവരതം
ഭുമിയിൽ ശാശ്വതം നിലനിൽക്കുമോ. ചന്ദ്രാർക്കർ വരെയും (158)

भारतीय उच्च अध्ययन संस्थान
पंजी० सं. 148280
दिनांक 20-02-2017
शिमला

കനകദാസരുടെ കൃതിയാണ് രാമധാന്യ ചരിതം. പ്രമേയം കൊണ്ടും ആവിഷ്കാര രീതികൊണ്ടും അത്യന്തം വ്യത്യസ്തമാണ് ഈ കാവ്യം. റാഗി അധസ്ഥിത രുടെയും ദരിദ്രരുടെയും ആഹാരമാണ്. നെല്ല് ധനികരു ടെയും സവർണരുടെയും ആഹാരവും. ദൈവം പാവപ്പെ ട്ടവരുടെ പക്ഷത്താണ് എന്നു സൂചിപ്പിക്കുന്ന വിധത്തിൽ നെല്ലുമായുള്ള വാദപ്രതിവാദത്തിൽ റാഗി വിജയിച്ച തായും ശ്രീരാമൻ തന്റെ പേര് അതിനുനല്കി ആദരിച്ച തായും ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. കാമ്യകവനത്തിൽ വച്ച് ധർമ്മപുത്രർക്ക് ശാണ്ഡില്യമുനി രാമായണ കഥ പറഞ്ഞു കൊടുക്കുന്നതായാണ് ആഖ്യാനസന്ദർഭം. ഇവി ടെയാണ് രാമധാന്യകഥ തെളിഞ്ഞുവരുന്നത്. സ്വകപോല കല്പിതമായ ഈ കൃതിയിൽ തന്റെ ഭാഗവത മനോഭാ വവും ജനകീയ കാഴ്ചപ്പാടും വ്യക്തമാക്കിയിരിക്കുന്നു, കവി.

കനകദാസരുടെ ഈ കൃതി കന്നഡയിൽ നിന്നു മലയാ ളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയിരിക്കുന്നത് ഡോ. എം. രാമയാണ്. ഇദ്ദേഹം ധാർവാർഡ് യൂണിവേഴ്സിറ്റി യിൽ നിന്ന് കന്നഡയിൽ എം. എ. യും ഭാഷാ ശാസ്ത്ര ത്തിൽ ഡിപ്ലോമയും നേടി. തുളു ഭാഷയെക്കുറിച്ച് പ്രബന്ധം സമർപ്പിച്ച് കേരള സർവ്വകലാശാലയിൽ നിന്ന് പി. എച്ച്. ഡി. ബിരുദം സമ്പാദിച്ചു. കേരളസർവ്വകലാശാല ഭാഷാശാസ്ത്രവിഭാഗത്തിൽ കന്നഡ പ്രൊഫസറായി ദീർഘകാലം സേവനമനുഷ്ഠിച്ചു. ഇപ്പോൾ ഇന്റർനാഷ ണൽ സ്ക്കൂൾ ഓഫ് ദ്രവീഡിയൻ ലിംഗ്വിസ്റ്റിക്സിന്റെ (തിരുവനന്തപുരം) ഓണററി ഡയറക്ടറായി പ്രവർത്തി ക്കുന്നു. ഇദ്ദേഹം കന്നഡയിൽനിന്നു മലയാളത്തിലേ യ്ക്കും മലയാളത്തിൽ നിന്നു കന്നഡയിലേക്കുമായി ഒട്ടേറെ കൃതികൾ വിവർത്തനം ചെയ്തിട്ടുണ്ട്. കന്നഡ, തുളു, മലയാളം, ഇംഗ്ലീഷ് എന[...] ലേറെ ഗവേഷണ പ്രബന്ധങ്ങ[...] Intensive Course in Tulu മറ്റൊരു പ്ര[...]

Library IIAS, Shimla
MI 891.481413 K 131 R
148280

ISBN 81-260-4956-1
9788126049561